www.malankaralibrary.com

മലങ്കര സുറിയാനി കത്തോലിക്ക സഭ

# മലങ്കര കാത്തലിക് അസ്സോസിയേഷൻ
# (MCA)

# ഭരണഘടന

(പരിഷ്ക്കരിച്ച പതിപ്പ് - 2018)

**MALANKARA CATHOLIC ASSOCIATION (M.C.A)**
(THE LAITY ORGANISATION OF SYRO MALANKARA CATHOLIC CHURCH)
Central Office : Catholicate Centre, Pattom, Thiruvananthapuram- 695004
E-mail: malankaracatholicassociation17@gmail.com

www.malankaralibrary.com

# പ്രാർത്ഥന

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ സ്നേഹപിതാവേ ഞങ്ങൾ അങ്ങയെ ആരാധിക്കുകയും സ്തുതിക്കുകയും അങ്ങേയ്ക്കു നന്ദി പറയുകയും ചെയ്യുന്നു. മനുഷ്യവംശത്തിന്റെ വീണ്ടെടുപ്പിനായി അവതരിച്ച അങ്ങേ തിരുക്കുമാരൻ, അങ്ങയെ ഞങ്ങൾക്ക് വെളിപ്പെടുത്തി തരികയും, കുരിശിലെ യാഗം വഴിയായി ഞങ്ങളെ അവിടുത്തെ മക്കളാക്കിത്തീർക്കുകയും ചെയ്തു. അങ്ങേ പ്രിയപുത്രന്റെ രക്ഷാകര സന്ദേശം ലോകമെങ്ങും അറിയിക്കുവാൻ ഞങ്ങളെ അവിടുന്ന് ഭരമേൽപ്പിച്ചിരിക്കുകയാണല്ലോ. ഈ മഹത്തായ ഉത്തരവാദിത്വം മലങ്കര കാത്തലിക് അസോസിയേഷനിലൂടെ നിറവേറ്റുവാൻ ഞങ്ങൾക്ക് കൃപ തരണമെ. ആദിമക്രൈസ്തവസഹോദരങ്ങളെപോലെ ഒരേ മനസ്സും ഒരേ ഹൃദയവും ഉള്ളവരായി ജീവിക്കുവാനും പ്രവർത്തിക്കുവാനും എം.സി.എ.യുടെ ചൈതന്യം സ്വാംശീകരിക്കുവാനും സുവിശേഷ സന്ദേശം സ്വീകരിക്കുവാനും, പ്രചരിപ്പിക്കുവാനും ഞങ്ങളെ ഒരുക്കേണമെ. പരസ്പരം ഭാരങ്ങൾ വഹിക്കാനും, സ്നേഹശുശ്രൂഷയിലൂടെയും, പങ്കുവയ്ക്കലിലൂടെയും സമഗ്ര വിമോചനവും, ഐശ്വര്യവും ലക്ഷ്യമായുള്ള ഒരു മലങ്കര സുറിയാനി കത്തോലിക്കാ സഭാകൂട്ടായ്മയെ കെട്ടിപ്പെടുക്കുവാനും ഞങ്ങളെ സഹായിക്കണമെ!

മലങ്കര കാത്തലിക് അസോസിയേഷനെ അങ്ങ് പ്രത്യേകമായി ആശീർവദിക്കുകയും അങ്ങയുടെ തിരുഹൃദയത്തിൽ 'കാത്തുസൂക്ഷിക്കുകയും ചെയ്യേണമെ! സാർവ്വത്രിക സഭയുടെ തലവനായ മാർപ്പാപ്പയോടും, മലങ്കര കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ കാതോലിക്കാബാവയോടും, സഭയിലെ എല്ലാ മെത്രാപ്പോലീത്താമാരോടും, വൈദികരോടും, സന്യസ്തരോടും, ദൈവജനത്തോടും സമ്പൂർണ്ണകൂട്ടായ്മ പുലർത്തി തിരുനാമമഹത്വത്തിനായി പ്രവർത്തിപ്പാൻ ഞങ്ങളെ അനുഗ്രഹിക്കേണമേ. ഞങ്ങളുടെ എല്ലാ ചിന്തകളെയും, സംരംഭങ്ങളെയും വിശുദ്ധീകരിക്കുകയും, എം.സി.എ.യുടെ സഭാശുശ്രൂഷകരായിത്തീരുവാൻ ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്യണമേ. മലങ്കര കാത്തലിക് അസോസിയേഷനെ അവിടുത്തെ കരുണാപൂർണ്ണമായ പരിപാലനയ്ക്കായി സമർപ്പിക്കുന്നു. അസോസിയേഷന് നേതൃത്വം നൽകുന്ന എല്ലാവരേയും അങ്ങേ കൃപയാൽ കാത്തുകൊള്ളണമേ! അങ്ങയുടെ തിരുഹിതം തിരിച്ചറിഞ്ഞ് പ്രവർത്തിപ്പാനും അത് ജീവിതത്തിലൂടെ സാക്ഷ്യമാകുവാനും അവർക്ക് കൃപ നൽകണമേ! പുനരൈക്യത്തിന്റെ മാതാവായ പരിശുദ്ധ കന്യകാ മറിയത്തോടും എം.സി.എ.യുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പ് പിതാവിനോടും ചേർന്ന് അങ്ങേ തിരുക്കുമാരനായ യേശുവിന്റെ നാമത്തിൽ ഞങ്ങൾ അർപ്പിക്കുന്ന പ്രാർത്ഥന കേൾക്കണമേ. ആമ്മീൻ.

www.malankaralibrary.com

# The Syro-Malankara Catholic Church


✠BASELIOS CARDINAL CLEEMIS
MAJOR ARCHBISHOP-CATHOLICOS

RESIDENCE & COMMUNICATION:
MAJOR ARCHBISHOP'S HOUSE
PATTOM, TRIVANDRUM-695 004
KERALA, INDIA

Office Tel: + 91-471-2541642, 2541643, 2540446
Fax: +91 471 2541635, E-mail: catholicostvm@gmail.com
Personal Tel: + 91-471-2533844, 2541331
Fax: +91 471 2533688, E-mail: baselioscleemis@gmail.com


## ശ്രേഷ്ഠാനുമതി

01-10-2018

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ അത്മായ സംഘടനയായ മലങ്കര കാത്തലിക് അസോസിയേഷന്റെ (എം.സി.ഏ.) ഭരണഘടന പരിഷ്കരിച്ച് പുന:പ്രസിദ്ധീകരിക്കുകയാണ്. 1996 മാർച്ച് രണ്ടിന് അന്നത്തെ തിരുവനന്തപുരം അതിരൂപതയിലെയും തിരുവല്ല, ബത്തേരി, മാർത്താണ്ഡം രൂപതകളിലെയും അത്മായ പ്രതിനിധികൾ ഒരുമിച്ചുകൂടി ഭാഗ്യസ്മരണാർഹനായ സിറിൽ മാർ ബസേലിയോസ് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ എം.സി.ഏ. സഭാതല സമിതി രൂപീകരിച്ചു. 1999 ജനുവരി 26-ന് എം.സി.ഏ. യുടെ ആദ്യത്തെ ഭരണഘടന നിലവിൽ വന്നു. തുടർന്ന് 2005-ൽ ഇത് പരിഷ്കരിച്ചു.

2017-ലെ എം.സി.ഏ. ദേശീയ സമിതി ഭരണഘടന പരിഷ്കരിക്കണമെന്ന് നിർദ്ദേശിക്കുകയും 2018 ഫെബ്രുവരി 17,18 തീയതികളിൽ നടന്ന സഭാതലസമിതിയോഗം പുതിയ ഭേദഗതികൾ അംഗീകരിച്ച് നമ്മുടെ പരിശുദ്ധ സുന്നഹദോസിന് അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു. 2018 ഫെബ്രുവരി 19-23 വരെ നടന്ന പരി. സുന്നഹദോസ് എം.സി.എ. ഭരണഘടനാ ഭേദഗതികൾ അംഗീകരിച്ചു.

സഭയുടെ വളർച്ചയുടെയും ആഗോളവ്യാപനത്തിന്റെയും പശ്ചാത്തലത്തിലാണ് ഭരണഘടനയുടെ ചില ചട്ടങ്ങളും നിബന്ധനകളും കാലോചിതമായി പരിഷ്കരിച്ചിരിക്കുന്നത്. എം.സി.ഏ.യുടെ അടിസ്ഥാന ദർശനങ്ങളും ലക്ഷ്യങ്ങളും നിലനിർത്തിക്കൊണ്ട് ഘടനാപരമായ സംവിധാനങ്ങളിൽ ചില ഭേദഗതികളാണ് പ്രധാനമായും പരിഷ്കരിച്ചിരിക്കുന്നത്. സഭാതല ഭരണഘടനയുടെ അടിസ്ഥാനത്തിൽ ഭദ്രാസനങ്ങളിലെ സ്വനിയമങ്ങൾ (അദ്ധ്യായം IV-B) ഭേദഗതി ചെയ്ത് പ്രാബല്യത്തിൽ വരുത്തേണ്ടതാണ്. സഭയോടൊത്ത് ചിന്തിക്കുന്നതിനും സഭയുടെ ദൗത്യനിർവ്വഹണത്തിനും അത്മായ ശുശ്രൂഷയുടെ ഏകോപനത്തിനും ഭരണഘടനാ പരിഷ്കരണം സഹായകരമാകും.

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ എല്ലാ ഭദ്രാസനങ്ങളിലും മിഷൻ കേന്ദ്രങ്ങളിലും ഔദ്യോഗികമായി സ്ഥിരീകരിച്ചുകൊണ്ട് ഈ ഭരണഘടന 2018 ഫെബ്രുവരി 23 മുതൽ പ്രാബല്യത്തിൽ വന്നതായി ഞാൻ പ്രഖ്യാപിക്കുന്നു.

+Baselios Cleemis

✠ കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.


MAJOR ARCHIEPISCOPAL CURIA
CATHOLICATE CENTRE, PATTOM, TRIVANDRUM-695 004, KERALA, INDIA
Tel: +91-471-2558864, 2555262, Fax: +91 471 2553244, E-mail: moccuria@gmail.com

www.malankaralibrary.com



# പിതൃമൊഴി

വിശുദ്ധ സഭയുടെ മക്കളായി നാം വിളിക്കപ്പെട്ടിരിക്കുന്നു. വിശുദ്ധ സഭയിലാണ് നാം ദൈവിക ജീവൻ സ്വീകരിക്കുന്നതും അനുദിനം ദൈവകൃപയിൽ വളരുന്നതും. സഭ ജനിക്കുന്നത് പ്രഥമമായി നമ്മുടെ രക്ഷയ്ക്കുവേണ്ടി ക്രിസ്തു നാഥൻ വി. കുർബാനയുടെ സ്ഥാപനത്തിൽ മുൻകൂട്ടി നടത്തുകയും കുരിശിൽ പൂർത്തിയാക്കുകയും ചെയ്ത സമ്പൂർണ്ണമായ ആത്മദാനത്തിൽ നിന്നാണ്. "ക്രൂശിതനായ യേശുവിന്റെ തിരുവിലാവിൽ നിന്ന് ഒഴുകിയ രക്തവും ജലവും സഭയുടെ ഉദ്ഭവത്തെയും വളർച്ചയെയും പ്രതീകാത്മകമായി സൂചിപ്പിച്ചു" (LG 3). എന്തെന്നാൽ കുരിശിൽ പ്രാണനെ സമർപ്പിക്കുന്ന ക്രിസ്തുവിന്റെ പാർശ്വത്തിൽ നിന്നാണ് "സഭ മുഴുവനുമാകുന്ന വിസ്മനീയമായ കൂദാശ" ബഹിർഗമിച്ചത് (SC 5). ഉറങ്ങുന്ന ആദത്തിന്റെ പാർശ്വത്തിൽ നിന്ന് ഹവ്വ രൂപവത്കരിക്കപ്പെട്ടതുപോലെ കുരിശിൽ തറയ്ക്കപ്പെട്ടു മരിച്ച ക്രിസ്തുവിന്റെ പിളർക്കപ്പെട്ട ഹൃദയത്തിൽ നിന്നാണ് സഭ ജനിച്ചത് (cf. St. Ambrose, In *Luc* 2, 85-89: PL 15, 1666-1668). ദൈവത്തിന്റെ പദ്ധതിയുടെ ലക്ഷ്യമെന്നനിലയിൽ തന്റേതന്നെ രഹസ്യത്തെ ക്രിസ്തു പൂർത്തിയാക്കുന്നതും വെളിപ്പെടുത്തുന്നതും തിരുസഭയിലാണ്: എല്ലാം ക്രിസ്തുവിൽ ഒന്നിപ്പിക്കുക (എഫേ 1:10). ക്രിസ്തുവും സഭയും തമ്മിലുള്ള സത്താപരമായ ഐക്യത്തെ ഒരു വലിയ രഹസ്യമെന്ന് വി. പൗലോസ് വിളിക്കുന്നു. തന്റെ മണവാളനോട് എന്നപോലെ സഭ ക്രിസ്തുവിനോട് ഐക്യപ്പെട്ടിരിക്കുന്നതിനാൽ അവൾതന്നെ ഒരു രഹസ്യമായിത്തീർന്നു (എഫേ 5:32). സഭാശാസ്ത്ര സൂചനയോടെ വിശുദ്ധ പൗലോസ് ഇങ്ങനെ ഉദ്ഘോഷിച്ചു: മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിലുണ്ട് (കൊളോ 1:27).

കർത്താവിന്റെ തിരുശരീരമാകുന്ന തിരുസഭയിലെ സജീവമായ ഘടകമാണ് അൽമായ വിശ്വാസികൾ. അനുദിന ജീവിതത്തിലൂടെ, സാക്ഷ്യവും സമർപ്പണവുമായി അൽമായർ ഇന്നത്തെ കാലഘട്ടത്തിൽ ജീവിക്കുന്നു. ക്രിസ്തോന്മുഖമായ ജീവിതവും പരോന്മുഖ ജീവിതവും സഭയിലാണ് അൽമായ സഹോദരങ്ങൾ സാക്ഷാത്കരിക്കുന്നത്. മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ അൽമായർക്ക് ഒന്നിച്ചുകൂടുവാനും, പ്രവർത്തിക്കുവാനും, സുവിശേഷ സാക്ഷികളായി ജീവിക്കുന്നതിനുമുള്ള വേദിയാണ് മലങ്കര കാത്തലിക്ക് അസോസിയേഷൻ (MCA).

www.malankaralibrary.com



1996 മാർച്ച് 2-ാം തീയതി ഭാഗ്യസ്മരണാർഹനായ സിറിൽ മാർ ബസേലിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ തിരുവല്ല ശാന്തി നിലയത്തിൽ തിരുവനന്തപുരം, തിരുവല്ല, ബത്തേരി, മാർത്താണ്ഡം എന്നീ ഭദ്രാസനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട അത്മായ പ്രതിനിധികൾ സമ്മേളിക്കുകയും ബഹു. വർഗീസ് മാവേലിയച്ചൻ വൈദീക ഉപദേഷ്ടാവായി ഒരു അഡ്ഹോക്ക് കമ്മറ്റി നിലവിൽ വരികയും ചെയ്തു. ഈ സമിതിയുടെ പ്രവർത്തനഫലമായി മലങ്കര സഭയുടെ അഞ്ചു ഭദ്രാസനങ്ങളിലും എം.സി.എ രൂപീകരിക്കുന്നതിനും പിന്നീട് എം.സി.എയ്ക്ക് കേന്ദ്രസമിതി തലത്തിൽ ഒരു ഭരണഘടന എന്ന ആശയത്തിന് രൂപം നൽകാനും കഴിഞ്ഞു.

1999 ജനുവരി 26 മലങ്കര സഭയുടെ ചരിത്രത്തിലെ അവിസ്മരണീയ ദിനമായി മാറുകയായിരുന്നു. മലങ്കര കാത്തലിക് അസോസിയേഷന് ഔദ്യോഗികമായി അംഗീകരിക്കപ്പെട്ട ഭരണഘടന നിലവിൽ വന്നു. അതനുസരിച്ച് ആദ്യ തെരഞ്ഞെടുപ്പ് നടത്തപ്പെടുകയും പ്രഥമ സമിതി ചുമതലയേൽക്കുകയും ചെയ്തു. മൂന്ന് വർഷത്തെ പ്രവർത്തനത്തിനുശേഷം 2002 മാർച്ച് 23 നു രണ്ടാമത്തെ ഭരണസമിതി ചുമതലയേറ്റു 5 വർഷത്തെ പ്രവർത്തനത്തിനുശേഷം ഭരണഘടനയിൽ പുതിയ ഭേദഗതികൾ വരുത്തി പരിഷ്ക്കരിക്കുന്നതിന് 2004 ജനുവരി 26 ന് കന്യാകുമാരിയിൽ വച്ച് കൂടിയ സഭാ അസംബ്ലി നിർദ്ദേശിച്ചു. ഭരണഘടന ഭേദഗതിയ്ക്ക് പ്രസിഡന്റ് അദ്ധ്യക്ഷനായി ഒരു ഭേദഗതി കമ്മിറ്റിയെ തിരഞ്ഞെടുക്കുകയും ചെയ്തു. പ്രസ്തുത കമ്മിറ്റി തയ്യാറാക്കിയ ഭരണഘടനയ്ക്ക് 2004 ജൂൺ 7-ന് തിരുവല്ലയിൽ സമ്മേളിച്ച എം. സി.എ യുടെ സ്പെഷ്യൽ അസംബ്ലി അംഗീകാരം നല്കി. മോറാൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കാ ബാവയുടെ അദ്ധ്യക്ഷതയിൽ ചേർന്ന പരിശുദ്ധ സുന്നഹദോസ് ഭേദഗതികൾ വരുത്തിയ ഭരണഘടനയ്ക്ക് അംഗീകാരം നൽകുകയും 2005 ഫെബ്രുവരി 5,6 തീയതികളിൽ ബത്തേരിയിൽ സമ്മേളിച്ച എം. സി.എയുടെ വാർഷിക അസംബ്ലിയിൽ പുതുക്കിയ ഭരണഘടന പ്രാബല്യത്തിൽ വരുകയും ചെയ്തു.

2018 ഫെബ്രുവരി 17, 18 തീയതികളിൽ മാവേലിക്കര അമലഗിരി കാതലിക് ബിഷപ്പ്സ് ഹൗസിൽ വച്ച് നടന്ന എം.സി.എ വാർഷിക അസംബ്ലി നിർദ്ദേശിച്ച ഭരണഘടന ഭേദഗതികൾക്ക് 2018 ഫെബ്രുവരി 19-23 തീയതികളിൽ പട്ടം, കാതലിക്കേറ്റ് സെന്ററിൽ നടന്ന പരിശുദ്ധ സുന്നഹദോസിന്റെ അംഗീകാരം ലഭിച്ചു. ഭരണഘടന ഭേദഗതികൾ അംഗീകരിച്ചു തന്ന പരിശുദ്ധ സുന്നഹദോസിന്റെ അദ്ധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവയ്ക്കും മറ്റ് അഭിവന്ദ്യരായ പിതാക്കന്മാർക്കും പ്രത്യേകം കൃതജ്ഞത രേഖപ്പെടുത്തുന്നു. ഭരണഘടന ഭേദഗതികൾക്കും അംഗീകാര നടപടികൾക്കും നേതൃത്വം നല്കിയ ഭരണഘടന

www.malankaralibrary.com



പരിഷ്ക്കരണ സമിതി അംഗങ്ങളായ ശ്രീ. വി.പി. തോമസ്, ശ്രീ. വൈ. രാജു, പ്രൊഫ. ജേക്കബ് എം. എബ്രഹാം, ശ്രീ. പി.കെ. ജോസഫ്, അഡ്വ. വത്സ ജോൺ എന്നിവർക്കും കൃതജ്ഞത രേഖപ്പെടുത്തുന്നു.

കർത്താവിന്റെ സഭയിലെ ഓരോ വിശ്വാസിയും പ്രായോഗികമായി പൊതു സമൂഹത്തിലാണ് ജീവിക്കുന്നത്. പൊതു സമൂഹത്തിന്റെ എല്ലാ കർമ്മ മണ്ഡലങ്ങളിലും ഉപ്പായും പ്രകാശമായും അല്മായ സഹോദരങ്ങൾ നിലകൊള്ളുന്നു. ക്രൈസ്തവ വിശ്വാസം ജീവിക്കുവാനും പങ്കിടുവാനും പൊതു സമൂഹത്തിലെ ഉൾച്ചേരൽ വഴി ദൈവമക്കൾക്ക് സാധിക്കുന്നു. ബോധ്യവും പക്വതയുമുള്ള ക്രൈസ്തവ വിശ്വാസിയായി സമൂഹത്തിൽ ജീവിക്കുവാനും കർമ്മ നിരതരാകുവാനും ഭേദഗതി ചെയ്യപ്പെട്ട പുതിയ ഭരണഘടനയുടെ സാക്ഷാത്കാരം വഴി നിങ്ങൾക്ക് സാധിക്കട്ടെ. ജീവന്റെ പരിപാലകരും കാവൽക്കാരുമാകുവാനും അൽമായ സഹോദരങ്ങളെ ഹൃദയപൂർവ്വം സഭാ മാതാവ് ക്ഷണിക്കുന്നു. പിതാക്കന്മാരിലൂടെ കൈമാറി ലഭിച്ച വിശ്വാസത്തിന്റെ വെളിച്ചം നമ്മുടെ ജീവിതത്തിന് കരുത്തും പ്രചോദനവും നിലയ്ക്കാത്ത ഊർജ്ജവുമായി മാറട്ടെ.

അൽമായരെ പ്രചോദിപ്പിക്കുവാനും സഭയുടെ പൊതുവായ ധാരയിലേക്ക് ഉൾചേർക്കുവാനുമാണ് മലങ്കര കാത്തലിക് അസോസിയേഷൻ കർമ്മപദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നത്. നമ്മുടെ ഭദ്രാസനങ്ങളിലേയും മിഷൻ കേന്ദ്രങ്ങളിലേയും അൽമായ ശുശ്രൂഷ നിയതമായ ലക്ഷ്യത്തോടെ മുന്നോട്ട് പ്രവർത്തിക്കുവാൻ ഈ ഭരണഘടന ഉപകരിക്കട്ടെയെന്ന് പ്രത്യാശിക്കുന്നു. ഭരണഘടനയ്ക്ക് അനുസൃതമായ പ്രവർത്തനങ്ങൾ വഴി നമ്മുടെ അൽമായ പ്രസ്ഥാനം കൂടുതൽ കർമ്മോത്സുകമാകുവാൻ ഞാൻ പ്രാർത്ഥിക്കുന്നു. എം.സി.എ.യുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. യൗസേപ്പ് പിതാവിന്റെ മാദ്ധ്യസ്ഥം എപ്പോഴും അൽമായ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തട്ടെ!

Mar Ignathios

**+ ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
**മാവേലിക്കര ഭദ്രാസന മെത്രാപ്പോലീത്ത**
**അദ്ധ്യക്ഷൻ, അൽമായ കമ്മീഷൻ**

അമലഗിരി
20 സെപ്റ്റംബർ 2018

www.malankaralibrary.com



## വിഷയവിവരം


ശ്രേഷ്ഠാനുമതി ........................................ 3

പിതൃമൊഴി ........................................ 4-6

അദ്ധ്യായം I .................... 9

A പേര്

B ആസ്ഥാനം

C ലക്ഷ്യം

D വ്യാപ്തി

അദ്ധ്യായം II .................... 10-12

കർമ്മ പരിപാടികൾ

അദ്ധ്യായം III .................... 13

അംഗത്വം

അദ്ധ്യായം IV .................... 14-15

A ഘടന

B സ്വനിയമങ്ങൾ

C അസംബ്ലികൾ

1. ഇടവക അസംബ്ലി
2. മേഖലാ അസംബ്ലി
3. ഭദ്രാസന അസംബ്ലി
4. സഭാതല അസംബ്ലി

അദ്ധ്യായം V .................... 15

A രക്ഷാധികാരി

B ചെയർമാൻ

അദ്ധ്യായം VI .................... 15-16

വൈദിക ഉപദേഷ്ടാവ്

അദ്ധ്യായം VII .................... 16-18

ഭരണസംവിധാനവും തെരഞ്ഞെടുപ്പും

A. കമ്മിറ്റികൾ

1. ഭരണതലങ്ങൾ
2. സഭാതലമാനേജിംഗ് കമ്മറ്റി
3. സഭാതല എക്സിക്യൂട്ടീവ് കമ്മിറ്റി
4. വനിതാ പ്രാതിനിധ്യം

B. ഉദ്യോഗവാഹികൾ

1. പ്രസിഡന്റ്
2. വൈസ് പ്രസിഡന്റുമാർ

C. തെരഞ്ഞെടുക്കപ്പെടുന്നതിനുള്ള നിബന്ധനകൾ

അദ്ധ്യായം VIII .................... 19

കാലാവധി

www.malankaralibrary.com



അദ്ധ്യായം IX .................... 19
പ്രവർത്തന വർഷം
അദ്ധ്യായം X .................... 19-22
അധികാരങ്ങളും ചുമതലകളും
A അസംബ്ലി
B. സഭാതലമാനേജിംഗ് കമ്മറ്റി
C എക്സിക്യൂട്ടീവ് കമ്മറ്റി
D വൈദിക ഉപദേഷ്ടാവ്
E പ്രസിഡന്റ്
F വൈസ് പ്രസിഡന്റുമാർ
G ജനറൽ സെക്രട്ടറി
H സെക്രട്ടറി
I ട്രഷറർ
അദ്ധ്യായം XI .................... 22-25
യോഗങ്ങൾ
A. സഭാതല എക്സിക്യൂട്ടീവ് കമ്മിറ്റി
B സഭാതല മാനേജിംഗ് കമ്മിറ്റി
C. സഭാതല അസംബ്ലി
D. കോറം
E. അംഗത്വം റദ്ദാക്കൽ
F അച്ചടക്ക നടപടി കമ്മിറ്റി
G അച്ചടക്ക നടപടി- ഭാരവാഹി
അദ്ധ്യായം XII .................... 25-29
A. പതാക
B എംബ്ലം
C. മുദ്രാവാക്യം
D. സ്വർഗ്ഗീയ മദ്ധ്യസ്ഥൻ
E. പ്രതിജ്ഞ
F എം.സി.എ. ആന്തം
G പ്രാർത്ഥന
H ദിനാചരണങ്ങൾ
അദ്ധ്യായം XIII .................... 29-30
സ്വത്തുക്കൾ
അദ്ധ്യായം XIV .................... 30
ശിക്ഷണ നടപടികൾ
അദ്ധ്യായം XV .................... 30
നിയമവ്യാഖ്യാനം

www.malankaralibrary.com



# മലങ്കര കാത്തലിക് അസോസിയേഷൻ (എം.സി.എ.)
# സഭാതല സമിതി
# ഭരണഘടന - 2018

2018 ഫെബ്രുവരി 19-23 തീയതികളിൽ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷൻ മേജർ ആർച്ച്ബിഷപ്പ് അത്യഭിവന്ദ്യ കർദ്ദിനാൾ ബസ്സേലിയോസ് ക്ലീമ്മീസ് കാതോലിക്കാ ബാവായുടെ അദ്ധ്യക്ഷതയിൽ നടന്ന സുന്നഹദോസിന്റെ അംഗീകാരത്തോടെ പരിഷ്ക്കരിച്ച് പ്രസിദ്ധീകരിക്കുന്നത്.

## അദ്ധ്യായം I

**A. പേര്**

ഈ സംഘടനയുടെ പേര് മലങ്കര കാത്തലിക് അസോസിയേഷൻ എന്നും, ചുരുക്കപ്പേര് എം.സി.എ. (M.C.A.) എന്നുമാകുന്നു.

**B ആസ്ഥാനം**

സംഘടനയുടെ സഭാതല കാര്യാലയം മലങ്കര സുറിയാനി കത്തോലിക്കാ സഭ മേജർ ആർച്ച്ബിഷപ്പ്-കാതോലിക്കോസ് ആസ്ഥാനത്തോട് (കാതോലിക്കേറ്റ്) അനുബന്ധിച്ചായിരിക്കും.

**C. ലക്ഷ്യം**

മലങ്കര സുറിയാനി കത്തോലിക്കാ സഭാംഗങ്ങളുടെ സഭാപരവും, സാമൂഹികവും, സാംസ്കാരികവും, വിദ്യാഭ്യാസപരവും, സാമ്പത്തികവും, രാഷ്ട്രീയവുമായ താൽപ്പര്യങ്ങൾ സംരക്ഷിക്കുകയും സഭയുടെ സർവ്വതോൻമുഖമായ ഉൽക്കർഷത്തിനുവേണ്ടി സഭാധികാരികളോടു സഹകരിച്ച് പ്രവർത്തിക്കുകയുമാണ് ഈ സംഘടനയുടെ ലക്ഷ്യം.

**D. വ്യാപ്തി**

ഈ സംഘടനയുടെ പ്രവർത്തന മണ്ഡലം മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ എല്ലാ ഭദ്രാസനങ്ങളും, ഭദ്രാസനാതിർത്തിക്കു പുറത്തുള്ള മലങ്കര കത്തോലിക്കാ സഭാസമൂഹങ്ങൾ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന പ്രദേശങ്ങളും ആകുന്നു.

www.malankaralibrary.com



## അദ്ധ്യായം II

## കർമ്മപരിപാടികൾ

1. പുനരൈക്യ പ്രസ്ഥാനത്തിന്റെ സർവ്വതോന്മുഖമായ പുരോഗതിക്കുവേണ്ടി പ്രവർത്തിക്കുക.
2. പുനരൈക്യത്തിന്റെയും എക്യുമെനിസത്തിന്റെയും സവിശേഷ ദൗത്യവാഹകരെന്ന നിലയിൽ ഇതര സഭകളുമായും അവയുടെ സംഘടനകളുമായും നിരന്തരം സമ്പർക്കം പുലർത്തുകയും ക്രൈസ്തവ ഐക്യത്തിനായി പ്രാർത്ഥിക്കുകയും ചെയ്യുക.
3 മലങ്കര കത്തോലിക്കരുടെ ഇടയിൽ സാഹോദര്യവും പരസ്പര ധാരണയും വളർത്തുക.
4. സഭയുടെ വിശ്വാസവും ആദർശങ്ങളും വ്യക്തിജീവിതത്തിലും പൊതുജീവിതത്തിലും പ്രായോഗികമാക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുക. സഭയുടെ വിശ്വാസവും ആരാധനാക്രമവും പൈതൃകവും സംരക്ഷിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുക. അതുവഴി സഭാംഗങ്ങളുടെ വ്യക്തിജീവിതത്തിൽ സഭയുടെ ദർശനവും ആദർശങ്ങളും പ്രായോഗികമാക്കുക.
5. സമകാലീന പ്രശ്നങ്ങളെപ്പറ്റി പഠിച്ച് സഭാംഗങ്ങളെ ബോധവൽക്കരിക്കുകയും അഭിപ്രായ സമന്വയം കൈവരുത്തുകയും ചെയ്യുക.
6. വിവിധ പദവികളിലുള്ള സഭാംഗങ്ങളെ യഥായുക്തം സംഘടിപ്പിച്ച് അവരുടെ സേവനം സഭയ്ക്കും രാഷ്ട്രത്തിനും സംലഭ്യമാക്കാൻ പരിപാടികൾ ആസൂത്രണം ചെയ്യുക. സഭാംഗങ്ങളുടെ രാഷ്ട്രീയവും സാമൂഹികവുമായ വളർച്ചയ്ക്ക് ആവശ്യമായ കർമ്മപരിപാടികൾ ആവിഷ്ക്കരിക്കുകയും അതിനുവേണ്ട പിന്തുണയും അംഗീകാരവും നൽകുകയും ചെയ്യുക.
7. കേന്ദ്ര സംസ്ഥാന നിയമ നിർമ്മാണ സഭകളിൽ അവതരിപ്പിക്കുന്ന ബില്ലുകളും സർക്കാരോ, സംഘടനകളോ, വ്യക്തികളോ ഉന്നയിക്കുന്ന ഇതര നിർദ്ദേശങ്ങളും അവധാനതാപൂർവ്വം പഠിച്ച് യഥാവസരം പ്രതികരിക്കുകയും സഭാംഗങ്ങളെ ബോധവൽക്കരിക്കുകയും ചെയ്യുക. ഇതിനായി സഭാംഗങ്ങളായ ജനപ്രതിനിധികൾ, ബുദ്ധിജീവികൾ, അഭിഭാഷകർ തുടങ്ങിയവരെ അണിനിരത്തുകയും സമാനലക്ഷ്യങ്ങളുള്ള ഇതര സംഘടനകളുമായി സഹകരിച്ച് പ്രവർത്തിക്കുകയും ചെയ്യുക.

www.malankaralibrary.com



8. സഭയ്ക്ക് ദോഷകരമായ പ്രശ്നങ്ങളും സഭാംഗങ്ങളുടെ അവശതകളും പരിഹരിക്കുന്നതിന് ഉപയുക്തമായ മാർഗ്ഗങ്ങൾ സ്വീകരിക്കുക.

9. സഭാംഗങ്ങളുടെ വിദ്യാഭ്യാസം, തൊഴിൽ, അവസരസമത്വം എന്നിവ ലക്ഷ്യമാക്കി വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുക. ഈ ലക്ഷ്യപ്രാപ്തിക്കായി കരിയർ ഗൈഡൻസ് കോഴ്സ്, സ്റ്റഡി ക്ലാസ്സുകൾ, വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങൾ, വായനശാലകൾ, ഗ്രന്ഥാലയങ്ങൾ എന്നിവ നടത്തുകയും സഹായധനം നൽകുകയും ചെയ്യുക. സഭാംഗങ്ങളുടെ സാമ്പത്തിക സ്വയം പര്യാപ്തതയ്ക്ക് അനിവാര്യമായ കർമ്മപരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയും സംരംഭകരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

10. സഭയിലെ സമർത്ഥരായ വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുകയും ഉന്നത വിജയം കൈവരിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രോത്സാഹന സമ്മാനങ്ങൾ നൽകുകയും, നിർദ്ധനരായ വിദ്യാർത്ഥികളെ സ്കോളർഷിപ്പ്, സഹായധനം, വായ്പകൾ തുടങ്ങിയവ വഴി സഹായിക്കുകയും ചെയ്യുക.

11. സംസ്ഥാന, ദേശീയ, അന്തർദേശീയ തലങ്ങളിൽ മികച്ച നേട്ടം കൈവരിക്കുന്ന സഭാംഗങ്ങളെ പ്രോത്സാഹിപ്പിക്കുക.

12. സഭാംഗങ്ങളുടെ കലാപരവും സാഹിത്യപരവും വൈജ്ഞാനീയവും ശാസ്ത്രീയവുമായ കഴിവുകളുടെ പ്രോത്സാഹനത്തിനും അഭിവൃദ്ധിക്കും വേണ്ടി മത്സരങ്ങൾ, പ്രദർശനങ്ങൾ മുതലായവ നടത്തുകയും സമ്മാനങ്ങൾ നൽകുകയും ചെയ്യുക.

13. സഭയിലെ വിദ്യാർത്ഥികൾ, യുവജനങ്ങൾ, സ്ത്രീകൾ തുടങ്ങിയ എല്ലാവരുടെയും പുരോഗതിക്കായി സെമിനാറുകൾ സംഘടിപ്പിച്ച് പ്രത്യേക പ്രവർത്തന പദ്ധതികൾ ഏറ്റെടുത്ത് ഫലപ്രദമായി നടപ്പാക്കുക.

14. ഭക്ഷ്യസഹായം, വൈദ്യസഹായം, വിവാഹസഹായം, ഭവന നിർമ്മാണസഹായം, പ്രകൃതിക്ഷോഭ ദുരിതാശ്വാസ പരിപാടികൾ തുടങ്ങിയ സാമൂഹ്യസേവന പദ്ധതികൾ ആവശ്യാനുസരണം നടപ്പാക്കുക.

www.malankaralibrary.com



15. കുടുംബപ്രേഷിതപ്രവർത്തനം, സുവിശേഷ പ്രഘോഷണം, ദൈവവിളി പ്രോത്സാഹനം, തീർത്ഥയാത്രകൾ തുടങ്ങിയവക്കു നേതൃത്വം നൽകുക. ജീവന്റെ മൂല്യത്തെക്കുറിച്ച് സഭാപ്രബോധനങ്ങൾ പ്രചരിപ്പിക്കുകയും, ജീവന്റെ മൂല്യത്തെ നിഷേധിക്കുന്ന പ്രവണതകൾക്കെതിരെ നിലപാടുകൾ സ്വീകരിക്കുകയും പൊതുജനാഭിപ്രായം രൂപീകരിക്കുകയും ചെയ്യുക.
16. വിവാഹബ്യൂറോ സ്ഥാപിച്ച് ഫലപ്രദമായി പ്രവർത്തിക്കുക.
17. സാർവത്രിക സഭയുടെ ആനുകാലിക പ്രബോധനങ്ങൾ പഠിക്കുകയും പ്രചരിപ്പിക്കുകയും അവയ്ക്കനുസൃതമായി പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുകയും ചെയ്യുക. ദൈവശാസ്ത്രം, സഭാചരിത്രം, കാനൻ നിയമങ്ങൾ, ധാർമ്മിക ശാസ്ത്രം (Moral Theology) എന്നിവയ്ക്ക് അല്മായർക്ക് പരിശീലനം നൽകുക.
18. ദലിത് ക്രൈസ്തവർക്കും ഇതര മർദ്ദിതജനങ്ങൾക്കും പാവപ്പെട്ടവർക്കും പ്രത്യേകിച്ച് സഭാംഗങ്ങൾക്ക് സൗജന്യ നിയമസഹായം, ഇതരപരിപാടികൾ എന്നിവ വഴി നീതി ലഭ്യമാക്കുക.
19. ചൂഷണം, അഴിമതി, മദ്യപാനം, മയക്കുമരുന്നുകളുടെ ഉപയോഗം, അശ്ലീലത തുടങ്ങിയ സാമൂഹ്യതിന്മകൾക്കെതിരെ ശക്തമായി പ്രതികരിക്കുകയും ധാർമ്മിക മൂല്യങ്ങളിലധിഷ്ഠിതമായ സമൂഹസൃഷ്ടിക്കായി യത്നിക്കുകയും ചെയ്യുക.
20. തൊഴിൽപരവും കാർഷികവും വ്യാവസായികവുമായ പരിശീലനങ്ങൾ നൽകി തൊഴിലില്ലായ്മയ്ക്കു പരിഹാരം കണ്ടെത്തുക നടപ്പിലാക്കുക.
21. പാരിസ്ഥിതിക പ്രശ്നങ്ങളിൽ സഭാംഗങ്ങളെ ഉദ്ബുദ്ധരാക്കുകയും പരിസ്ഥിതിയ്ക്ക് എതിരെയുള്ള കടന്നാക്രമണങ്ങൾക്കെതിരെ നിലപാടു സ്വീകരിക്കുകയും ചെയ്യുക.
22. കത്തോലിക്കാ സഭയിലെ ദേശീയ- അന്തർദേശീയ തലങ്ങളിൽ പ്രവർത്തിക്കുന്ന അല്മായ പ്രസ്ഥാനങ്ങളുമായും അഫിലിയേറ്റു ചെയ്തു പ്രവർത്തിക്കുന്ന ക്രൈസ്തവേതര പ്രസ്ഥാനങ്ങളും പൊതുവായ മാനുഷിക മൂല്യങ്ങളുടെ അടിസ്ഥാനത്തിൽ സഹകരിച്ച് പ്രവർത്തിക്കുകയും ചെയ്യുക.

www.malankaralibrary.com



## അദ്ധ്യായം III

## അംഗത്വം

മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ 30 വയസ്സ് പൂർത്തിയായ എല്ലാ അല്മായർക്കും താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി മലങ്കര കാത്തലിക് അസോസിയേഷനിൽ അംഗമാകാവുന്നതാണ്.

1. സാർവ്വത്രിക കത്തോലിക്കാ സഭയാലോ മലങ്കര സുറിയാനി കത്തോലിക്കാ എപ്പിസ്കോപ്പൽ സിനഡിനാലോ (കൗൺസിൽ) നിരോധിക്കപ്പെട്ട യാതൊരു സംഘടനയിലും അംഗമായിരിക്കരുത്.
2. സഭാകൂട്ടായ്മയിൽ നിന്ന് വേർതിരിക്കപ്പെടുന്ന വിധത്തിൽ സഭാപരമായി ശിക്ഷ അനുഭവിക്കുന്നവരായിരിക്കരുത്.
3. നിശ്ചിത അപേക്ഷാഫോറം പൂരിപ്പിച്ച് പ്രവേശനഫീസായ 20 രൂപ സഹിതം നൽകി അംഗത്വം നേടേണ്ടതാകുന്നു. രണ്ട് വർഷത്തിലൊരിക്കൽ നിശ്ചിതതീയതിക്കകം വാർഷിക വരിസംഖ്യയായി 20 രൂപ നൽകി അംഗത്വം പുതുക്കേണ്ടതാണ്. എന്നാൽ തെരഞ്ഞെടുപ്പു വർഷം എല്ലാവരും അംഗത്വം പുതുക്കേണ്ടതാകുന്നു.
4. എല്ലാ വർഷവും മെയ് മാസം അംഗത്വമാസമായി ആചരിക്കണം.
5. രണ്ടു തവണ തുടർച്ചയായി അംഗത്വം പുതുക്കുന്നില്ലെങ്കിൽ അംഗത്വം നഷ്ടപ്പെടുന്നതുമാണ്.
6. അംഗത്വം നഷ്ടപ്പെടുന്നവർക്ക് പുതുതായി അംഗത്വം നേടാവുന്നതാണ്.
7. ആയുഷ്ക്കാല അംഗത്വഫീസ് 500 രൂപയാണ്.
8. ആയുഷ്ക്കാല അംഗങ്ങൾക്ക് പ്രത്യേക അംഗത്വ സർട്ടിഫിക്കറ്റ് സഭാതലസമിതി നൽകുന്നതാണ്.
9. ഏതെങ്കിലും കാരണത്താൽ അംഗത്വം നഷ്ടപ്പെടുന്നവർക്കോ അവരുടെ അവകാശികൾക്കോ ഈ സംഘടനയിൽ ഫീസായോ വരിസംഖ്യയായോ സംഭാവനയായോ നൽകിയിരിക്കുന്ന തുക തിരികെ ലഭിക്കുന്നതല്ല.
10. മലങ്കര സുറിയാനി കത്തോലിക്കാ സഭാംഗത്വം നഷ്ടമാകുന്നതോടൊപ്പം ഈ സംഘടനയിലെ അംഗത്വവും നഷ്ടമാകുന്നതാണ്. സംഘടനയുടെ അന്തസ്സിലോ പ്രതിച്ഛായയ്ക്കോ മങ്ങലേൽക്കും വിധം വിധ്വംസക പ്രവർത്തനങ്ങളിലോ, ക്രിമിനൽ കുറ്റങ്ങളിലോ ഉൾപ്പെട്ട ഏതൊരാളുടേയും അംഗത്വം റദ്ദാക്കാനുള്ള അധികാരം സഭാതല എക്സിക്യൂട്ടീവ് കമ്മിറ്റിക്കുണ്ടായിരിക്കും.

www.malankaralibrary.com

## അദ്ധ്യായം IV

**A. ഘടന**

ഘടനാപരമായി മലങ്കര കാത്തലിക് അസോസിയേഷന്

1. ഇടവക/ മിഷൻ
2. വൈദികജില്ല/ മിഷൻ മേഖല / വിദേശ മിഷൻ മേഖല
3. ഭദ്രാസനം/ മിഷൻ കേന്ദ്രം/ വിദേശ മിഷൻ കേന്ദ്രം
4. സഭാതലം എന്നിങ്ങനെ നാല് തലങ്ങൾ ഉണ്ടായിരിക്കും.

ഇടവക, മേഖല (വൈദിക ജില്ല), ഭദ്രാസനം ഇവ ഭദ്രാസന തലത്തിലും കേന്ദ്ര ഘടകം സഭാതലത്തിലും ആയിരിക്കും.

**B. സ്വനിയമങ്ങൾ**

ഇടവക/ മിഷൻ / വിദേശ മിഷൻ തലത്തിലും, മേഖല(വൈദിക ജില്ലാ)/ പ്രാദേശിക മേഖല/ ഭദ്രാസന/ മിഷൻ കേന്ദ്ര/ വിദേശ മിഷൻ കേന്ദ്ര തലത്തിലുള്ള ഘടനകളുടെ പ്രവർത്തനം, തെരഞ്ഞെടുപ്പ്, പ്രാതിനിധ്യം, കമ്മിറ്റികൾ, യോഗങ്ങൾ, റെക്കോർഡുകൾ, വരവുചെലവുകൾ, സ്വത്തുക്കൾ തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് ഈ നിയമാവലിക്കു വിരുദ്ധമല്ലാത്ത സ്വനിയമങ്ങൾ ഭദ്രാസന/ മിഷൻ കേന്ദ്ര/ വിദേശ മിഷൻ കേന്ദ്ര ഘടകങ്ങൾക്ക് നിർമ്മിക്കാവുന്നതാണ്.

**C. അസംബ്ലികൾ**

ഇടവക/ മിഷൻ/ വിദേശമിഷൻ അസംബ്ലികളും, മേഖല (വൈദികജില്ല)/പ്രാദേശിക മിഷൻ മേഖലാ/ വിദേശമിഷൻ തല അസംബ്ലികളും, രൂപത/ മിഷൻ കേന്ദ്രം/ വിദേശമിഷൻ അസംബ്ലികളും, സഭാതല അസംബ്ലിയും എന്നിങ്ങനെ നാലു തലങ്ങളിലുള്ള അസംബ്ലികൾ ഉണ്ടായിരിക്കുന്നതാണ്.

1. <u>ഇടവക അസംബ്ലി</u> - സംഘടനയുടെ ഇടവക തല പൊതുസഭ, ഇടവക അസംബ്ലികൾ എന്ന് അറിയപ്പെടും.
2. <u>മേഖല അസംബ്ലി</u> - മേഖല / വൈദീകജില്ല/ പ്രാദേശിക മിഷൻ മേഖല/ വിദേശമിഷൻ മേഖല അസംബ്ലികൾ ഭദ്രാസന/ മിഷൻകേന്ദ്രം/ വിദേശമിഷൻ കേന്ദ്ര സ്വനിയമങ്ങൾക്ക് വിധേയമായി അടിസ്ഥാന (ഇടവക) ഘടകങ്ങളിൽ നിന്നുള്ള പ്രതിനിധികൾ ഉൾക്കൊള്ളുന്നതാണ് ഈ അസംബ്ലി.

www.malankaralibrary.com



3. <u>ഭദ്രാസന അസംബ്ലി</u> - അതാതു ഭദ്രാസനത്തിലെ മേഖല/ വൈദികജില്ല അസംബ്ലികളിൽ നിന്നും ഭദ്രാസന തല നിയമാവലി അനുസരിച്ച് തെരഞ്ഞെടുക്കപ്പെടുന്നവർ ചേരുന്നതാണ് ഭദ്രാസന അസംബ്ലി/ ഭദ്രാസന മിഷൻ കേന്ദ്രം/ വിദേശ മിഷൻ കേന്ദ്ര അസംബ്ലി. അതാതു ഭദ്രാസന/ മിഷൻ കേന്ദ്ര/ വിദേശ മിഷൻ കേന്ദ്ര നിയമാവലിയനുസരിച്ച് നിശ്ചയിക്കാവുന്നതാണ്.

4. <u>സഭാതല അസംബ്ലി</u> - ഭദ്രാസന വൈദിക ഉപദേഷ്ടാക്കളും, ഓരോ ഭദ്രാസന അസംബ്ലിയിൽ നിന്നും എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങൾ ഉൾപ്പെടെ 25 പേർ വീതവും മിഷൻ കേന്ദ്രങ്ങളിൽ നിന്നും വിദേശ മിഷൻ കേന്ദ്രങ്ങളിൽ നിന്നും 5 പ്രതിനിധികൾ വീതവും ഉൾപ്പെടുന്ന സമിതിയാണ് കേന്ദ്ര അസംബ്ലി. കേന്ദ്ര അസംബ്ലി യിൽ, 30 ശതമാനം വനിതകൾക്കായി സംവരണം ചെയ്യപ്പെട്ടിരിക്കേണ്ടതാണ്.

## അദ്ധ്യായം V

### A. രക്ഷാധികാരി

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ മേജർ ആർച്ച് ബിഷപ്പ് - കാതോലിക്കാ ബാവാ ഈ സംഘടനയുടെ സഭാതല രക്ഷാധികാരിയും, ഭദ്രാസന മെത്രാപ്പോലീത്ത ഭദ്രാസന ഘടകത്തിന്റെ രക്ഷാധികാരിയും ആയിരിക്കും. എന്നാൽ മിഷൻ കേന്ദ്രങ്ങളിലെ ഘടകത്തിന്റെ രക്ഷാധികാരി മലങ്കര കത്തോലിക്കാ എപ്പിസ്ക്കോപ്പൽ സിനഡ് നിശ്ചയിക്കുന്ന മെത്രാപ്പോലീത്തായോ, വൈദീകനോ ആയിരിക്കും.

### B. ചെയർമാൻ

മലങ്കര സുറിയാനി കത്തോലിക്കാ എപ്പിസ്ക്കോപ്പൽ സിനഡ് (കൗൺസിൽ) നിശ്ചയിക്കുന്ന മെത്രാപ്പോലീത്ത (അൽമായ കമ്മീഷൻ ചെയർമാൻ) ഈ സംഘടനയുടെ ചെയർമാൻ ആയിരിക്കും.

## അദ്ധ്യായം VI

1. **വൈദിക ഉപദേഷ്ടാവ്**

മലങ്കര കത്തോലിക്കാ സഭയുടെ തലവൻ, എപ്പിസ്കോപ്പൽ സിനഡിന്റെ ആലോചനയോടുകൂടി നിയമിക്കുന്ന വൈദികൻ സംഘടനയുടെ സഭാതല വൈദിക ഉപദേഷ്ടാവ് ആയിരിക്കും.

2. ഭദ്രാസന മെത്രാപ്പോലീത്താ നിയമിക്കുന്ന വൈദികൻ ഭദ്രാസനതല ഉപദേഷ്ടാവായിരിക്കും.

www.malankaralibrary.com


3. ഇടവക വികാരി ഇടവകാതല ഉപദേഷ്ടാവായിരിക്കും.
4. മേഖല/ വൈദിക ജില്ലാ ഉപദേഷ്ടാവ് വൈദീക ജില്ലയുടെ പ്രോട്ടോ വികാരിയോ ജില്ലാ വൈദീക സമിതി തെരഞ്ഞെടുക്കുന്ന വൈദീകനോ ആയിരിക്കും. പ്രാദേശിക മിഷൻ കേന്ദ്രങ്ങളിലെ വൈദീകോപദേഷ്ടാവ് മിഷൻ രക്ഷാധികാരി നിയമിക്കുന്ന വൈദീകനോ പ്രാദേശിക മിഷൻ വൈദീക സമിതി നിശ്ചയിക്കുന്ന വൈദീകനോ ആയിരിക്കും.
5. വിദേശ മിഷൻ കേന്ദ്രങ്ങളുടെ വൈദീകോപദേഷ്ടാവ് രക്ഷാധികാരി നിശ്ചയിക്കുന്ന വൈദീകനായിരിക്കും.

## അദ്ധ്യായം VII

## ഭരണസംവിധാനവും തെരഞ്ഞെടുപ്പും

### A. കമ്മിറ്റികൾ

**1. ഭരണതലങ്ങൾ:-**

ഭരണകാര്യങ്ങൾക്ക് മാനേജിംഗ് കമ്മിറ്റി, എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിവ 4 തലങ്ങളിലും (സഭ, ഭദ്രാസനം, മേഖല/ വൈദീക ജില്ല, പ്രാദേശിക മിഷൻ / മിഷൻ മേഖല/ വിദേശ മിഷൻ ഇടവകതലം) ഉണ്ടായിരിക്കുന്നതാണ്. ഭാരവാഹികൾക്ക് രണ്ട് വർഷത്തെ അംഗത്വം ഉണ്ടായിരിക്കേണ്ടതാണ്.

**2. സഭാതല മാനേജിംഗ് കമ്മിറ്റി**

ഭദ്രാസന അസംബ്ലിയിൽ നിന്നും സഭാതല മാനേജിംഗ് കമ്മറ്റിയിലേക്ക് പ്രത്യേകം തെരഞ്ഞെടുക്കപ്പെടുന്ന 3 അംഗങ്ങൾ (ഒരാളെങ്കിലും വനിതയായിരിക്കണം) സഭാതല വൈദീകോപദേഷ്ടാവ്, സഭാതല ഔദ്യോഗിക ഭാരവാഹികൾ, ഭദ്രാസനതല വൈദീകോപദേഷ്ടാക്കൾ, ഭദ്രാസനതല പ്രസിഡന്റുമാർ, ഭദ്രാസനതല ജനറൽ സെക്രട്ടറിമാർ, രക്ഷാധികാരി നോമിനേറ്റ് ചെയ്യുന്ന 3 എം.സി.എ. അംഗങ്ങൾ എന്നിവർ ഉൾപ്പെടുന്നതാണ് സഭാതല മാനേജിംഗ് കമ്മിറ്റി. സംഘടനയുടെ പ്രസിഡന്റ്, സഭാതല മാനേജിംഗ് കമ്മിറ്റിയുടെയും അദ്ധ്യക്ഷനായിരിക്കും.

**3. സഭാതല എക്സിക്യൂട്ടീവ് കമ്മറ്റി**

സംഘടനയുടെ സഭാതല ഔദ്യോഗിക ഭാരവാഹികൾ, മാനേജിംഗ് കമ്മിറ്റി തെരഞ്ഞെടുക്കുന്ന മൂന്നംഗങ്ങളും സഭാതല വൈദിക ഉപദേഷ്ടാവ് എന്നിവർ ചേരുന്നതുമാണ് സഭാതല എക്സിക്യൂട്ടീവ് കമ്മിറ്റി. കൂടാതെ സംഘടനയുടെ സഭാതല

www.malankaralibrary.com



സമിതിയിൽ നിന്നും സ്ഥാനമൊഴിയുന്ന പ്രസിഡന്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ ക്ഷണിതാവായിരിക്കുന്നതാണ്. വോട്ടവകാശം ഇല്ല. കാലാവധി 2 വർഷം ആയിരിക്കും.

4. **വനിതാപ്രാതിനിധ്യം**

എം.സി.എ.യുടെ തെരഞ്ഞെടുക്കപ്പെടുന്ന എല്ലാ സമിതികളിലും 30% വനിതാപ്രാതിനിധ്യം ഉണ്ടായിരിക്കേണ്ടതാണ്.

## B. ഉദ്യോഗവാഹികൾ

1. ചെയർമാൻ, പ്രസിഡന്റ്, വൈസ്പ്രസിഡന്റുമാർ, ജനറൽ സെക്രട്ടറി, രണ്ട് സെക്രട്ടറിമാർ, ട്രഷറാർ എന്നിവർ ഉദ്യോഗവാഹികളായിരിക്കും. രണ്ട് സെക്രട്ടറിമാരിലൊരാൾ വനിത ആയിരിക്കേണ്ടതാണ്.
2. പ്രസിഡന്റ് - പ്രസിഡന്റിനെ അതാതു തലങ്ങളിലേക്ക് ബന്ധപ്പെട്ട അസംബ്ലികൾ തെരഞ്ഞെടുക്കേണ്ടതാണ്. പ്രസിഡന്റിന് സന്നിഹിതരായവരിൽ മൂന്നിൽ രണ്ട് അംഗങ്ങളുടെ വോട്ട് കിട്ടിയിരിക്കണം. ആദ്യത്തെ വോട്ടിംഗിൽ മൂന്നിൽ രണ്ടു ഭൂരിപക്ഷം ലഭിക്കാതെ വന്നാൽ രണ്ടാമതും വോട്ടിംഗ് നടത്തേണ്ടതും അപ്പോഴും മൂന്നിൽ രണ്ട് ഭൂരിപക്ഷം കിട്ടാതെ വന്നാൽ മൂന്നാമതും വോട്ടിംഗ് നടത്തി കേവല ഭൂരിപക്ഷാടിസ്ഥാനത്തിൽ ഫലം നിശ്ചയിക്കേണ്ടതുമാണ്. പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെടുന്ന ആളിന് 35 വയസ്സ് പൂർത്തിയായിരിക്കേണ്ടതാകുന്നു.
3. വൈസ് പ്രസിഡന്റുമാർ

   സംഘടനയുടെ പ്രസിഡന്റ്, ജനറൽ സെക്രട്ടറി, വനിതാ സെക്രട്ടറി, ട്രഷറാർ എന്നിവർ പ്രതിനിധാനം ചെയ്യുന്ന ഭദ്രാസനങ്ങളൊഴികെ മറ്റെല്ലാ ഭദ്രാസനങ്ങളിൽ നിന്നും ഓരോ വൈസ് പ്രസിഡന്റു വീതം ഉണ്ടായിരിക്കേണ്ടതാണ്. ഇവരിൽ 30% വനിതകൾ ആയിരിക്കേണ്ടതാണ്. സ്ഥാനമൊഴിയുന്ന പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ട്രഷറാർ എന്നിവരുടെ രൂപതകളിൽ നിന്നും റൊട്ടേഷൻ ക്രമത്തിൽ പ്രാതിനിധ്യം ഇല്ലെങ്കിൽ ആ രൂപതയിൽ നിന്നുമായിരിക്കും വനിതാ പ്രാതിനിധ്യം.

## C. തെരഞ്ഞെടുക്കപ്പെടുന്നതിനുള്ള നിബന്ധനകൾ

1. **പ്രസിഡന്റ് ഒഴികെയുള്ള എല്ലാ ഉദ്യോഗവാഹികളെയും രഹസ്യ ബാലറ്റിലൂടെ കേവല ഭൂരിപക്ഷാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കേണ്ടതാണ്.**

www.malankaralibrary.com



2. പ്രസിഡന്റ്, ജനറൽ സെക്രട്ടറി, വനിത സെക്രട്ടറി, ട്രഷറാർ എന്നീ പദവികൾ വിവിധ ഭദ്രാസനങ്ങളിൽ നിന്നായിരിക്കേണ്ടതും, അവ റൊട്ടേഷൻ ക്രമത്തിൽ മാറിവരേണ്ടതുമാണ്.
3. സഭാതല അസംബ്ലിയിലേക്ക് ഭദ്രാസനങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന 25 അംഗങ്ങളുടെ പേരുവിവരം അതാതു രൂപതാദ്ധ്യക്ഷന്റെ അംഗീകാരമുദ്രയോടുകൂടി നിർദ്ദിഷ്ടഫോറത്തിലും സമയപരിധിക്കുള്ളിലും സഭാതല തെരഞ്ഞെടുപ്പ് വരണാധികാരിയായ സഭാതല വൈദിക ഉപദേഷ്ടാവിനെ ഏൽപ്പിക്കേണ്ടതാണ്. ഈ ലിസ്റ്റിൽ സഭാതല മാനേജിംഗ് കമ്മറ്റിയിലേക്കുള്ള മൂന്ന് അംഗങ്ങളുടെ പേരുവിവരം പ്രത്യേകം രേഖപ്പെടുത്തേണ്ടതും മൂന്നിലൊന്ന് വനിതാപ്രാതിനിധ്യം ഉറപ്പാക്കേണ്ടതുമാണ്. (ഈ മൂന്ന് അംഗങ്ങൾക്കു മാത്രമേ സഭാതല ഭരണസമിതി ഭാരവാഹിത്വത്തിന് അർഹതയുള്ളൂ.)
4. സഭാതല, ഭദ്രാസന തലങ്ങളിലെ തെരഞ്ഞെടുപ്പ് രക്ഷാധികാരിയുടെ സ്ഥിരീകരണത്തിന് വിധേയമായിരിക്കും. അതിനുശേഷം മാത്രമേ ഉദ്യോഗസ്ഥാനവും ചുമതലകളും ഏറ്റെടുക്കുവാൻ പാടുള്ളൂ.
5. ശിക്ഷണ നടപടികൾ, രാജി, മരണം എന്നിവ മൂലം ഏതെങ്കിലും ഉദ്യോഗസ്ഥാനം ഒഴിവുവന്നാൽ മാനേജിംഗ് കമ്മിറ്റി താൽക്കാലിക ക്രമീകരണം ചെയ്യേണ്ടതും ബന്ധപ്പെട്ട അസംബ്ലി ആറുമാസത്തിനകം കൂടി പുതിയ ആളിനെ തെരഞ്ഞെടുക്കേണ്ടതുമാണ്.
6. പ്രസിഡന്റ്, ജനറൽ സെക്രട്ടറി, വനിതാസെക്രട്ടറി, ട്രഷറർ എന്നീ പ്രധാന പദവികൾ വഹിക്കുന്ന ഉപരിസമിതി ഉദ്യോഗ ഭാരവാഹികൾ ഒരേ സമയം കീഴ് സമിതികളുടെ ചുമതല വഹിക്കുവാൻ പാടില്ലാത്തതാകുന്നു. എന്നാൽ ഉപരിസമിതികളിലെ ഭാരവാഹികൾ ഇവർ പ്രതിനിധാനം ചെയ്യുന്ന കീഴ് സമിതികളിൽ അംഗങ്ങളായിരിക്കും.
7. സഭാതല എക്സിക്യൂട്ടീവിലേക്ക് തെരഞ്ഞെടുക്കുന്ന ഉദ്യോഗ ഭാരവാഹികൾ കേന്ദ്ര മാനേജിംഗ് കമ്മിറ്റി അംഗങ്ങളായിരുന്നവരോ ഭദ്രാസന എക്സിക്യൂട്ടീവ് ഭാരവാഹിത്വത്തിൽ ആയിരുന്നവരോ ആകേണ്ടതാണ്.

www.malankaralibrary.com



## അദ്ധ്യായം VIII

### കാലാവധി

1. എല്ലാ തലങ്ങളിലുമുള്ള അസംബ്ലികളുടെ കാലാവധി രണ്ടു വർഷമായിരിക്കും.
2. തെരഞ്ഞെടുക്കപ്പെടുന്ന എല്ലാ ഔദ്യോഗിക ഭാരവാഹികളുടെയും കമ്മിറ്റികളുടെയും കാലാവധി രണ്ടുവർഷമായിരിക്കും.
3. യൂണിറ്റ്, മേഖല/വൈദികജില്ല, ഭദ്രാസനതലങ്ങളിൽ തുടർച്ചയായി രണ്ട് തവണയിൽക്കൂടുതൽ ഉദ്യോഗഭാരവാഹികൾ ആയിരിക്കുവാൻ പാടില്ല.

## അദ്ധ്യായം IX

### പ്രവർത്തന വർഷം

സംഘടനയുടെ പ്രവർത്തന വർഷം കലണ്ടർ വർഷമായിരിക്കും.

## അദ്ധ്യായം X

### അധികാരങ്ങളും ചുമതലകളും

**A. അസംബ്ലി**

1. സംഘടനയുടെ നയവും കർമ്മപരിപാടികളും അംഗീകരിച്ച് നടപ്പിൽ വരുത്തുക.
2. പ്രസിഡന്റിനേയും ഇതരഭാരവാഹികളെയും മാനേജിംഗ് കമ്മിറ്റി അംഗങ്ങളെയും തെരഞ്ഞെടുക്കുക.
3. മുൻവർഷ റിപ്പോർട്ടും വരവുചെലവു കണക്കുകളും അംഗീകരിക്കുക.
4. ബഡ്ജറ്റ് അംഗീകരിക്കുക
5. ഓഡിറ്ററെ നിയമിക്കുക.

**B. കേന്ദ്ര മാനേജിംഗ് കമ്മിറ്റി**

1. സംഘടനയുടെ നയം രൂപീകരിക്കുക
2. എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളുടെ തെരഞ്ഞെടുപ്പ് നടത്തുക
3. യഥാസമയം തെരഞ്ഞെടുപ്പ് ക്രമീകരണങ്ങൾ നടത്തുക.
4. അസംബ്ലി വിളിച്ച് കൂട്ടുവാൻ തീരുമാനിക്കുക.
5. അസംബ്ലിയിൽ അവതരിപ്പിക്കേണ്ട ബഡ്ജറ്റും വരവു ചെലവുകണക്കുകളും റിപ്പോർട്ടും അംഗീകരിക്കുക.

**C. എക്സിക്യൂട്ടീവ് കമ്മറ്റി**

1. സംഘടനയുടെ ദൈനംദിന ഭരണം നടത്തുക
2. മാനേജിംഗ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം അസംബ്ലി വിളിച്ചുകൂട്ടുക.

www.malankaralibrary.com



3. അസംബ്ലിയുടെയും മാനേജിംഗ് കമ്മിറ്റിയുടെയും തീരുമാനങ്ങൾ നടപ്പിലാക്കുക.
4. മാനേജിംഗ് കമ്മിറ്റി വിളിച്ചു കൂട്ടുക
5. സംഘടനയുടെ റിക്കാർഡുകളും വരവുചെലവു കണക്കുകളും എഴുതി സൂക്ഷിക്കുക
6. സംഘടനയുടെ സ്വത്തുക്കൾ സംരക്ഷിക്കുക.

**D. വൈദിക ഉപദേഷ്ടാവ്**

1. സഭയുടെ തത്വങ്ങൾക്കും സംഘടനയുടെ അടിസ്ഥാന ലക്ഷ്യങ്ങൾക്കും അനുസൃതമായി പ്രവർത്തിക്കുവാൻ വേണ്ട പ്രചോദനം നൽകുക.
2. സംഘടനയുടെ യോഗങ്ങളിൽ സംബന്ധിക്കുകയും സന്ദർഭോചിതമായ ഉപദേശങ്ങൾ നൽകുകയും ചെയ്യുക.
3. തെരഞ്ഞെടുപ്പു യോഗങ്ങളിൽ അദ്ധ്യക്ഷത വഹിക്കുക.

**E. പ്രസിഡന്റ്**

1. സംഘടനയുടെ പൊതു ഭരണവും പ്രായോഗിക നേതൃത്വവും പ്രസിഡന്റിൽ നിക്ഷിപ്തമാകുന്നു.
2. സംഘടനയുടെ ലക്ഷ്യങ്ങൾക്കും പ്രഖ്യാപിത നയത്തിനും അനുയോജ്യമായ പ്രസ്താവനകൾ രക്ഷാധികാരി/ വൈദിക ഉപദേഷ്ടാവുമായി ആലോചിച്ച് പുറപ്പെടുവിക്കുക.
3. അസംബ്ലിയും കമ്മിറ്റിയും വിളിച്ചു കൂട്ടുവാൻ നിർദ്ദേശിക്കുകയോ വേണ്ടി വന്നാൽ വിളിച്ച് കൂട്ടുകയോ ചെയ്യുക.
4. അസംബ്ലി, കമ്മിറ്റി യോഗങ്ങളിൽ അദ്ധ്യക്ഷത വഹിക്കുക
5. കീഴ്ഘടകങ്ങൾ സന്ദർശിക്കുകയും റിക്കോർഡുകൾ പരിശോധിക്കുകയോ, റിക്കോർഡുകൾ പരിശോധിക്കുവാൻ ആരെയെങ്കിലും രേഖാമൂലം അധികാരപ്പെടുത്തുകയോ ചെയ്യുക.
6. കീഴ്ഘടകങ്ങളിൽ ഏതെങ്കിലും തർക്കങ്ങളോ വീഴ്ചകളോ ഉണ്ടായാൽ അവയെക്കുറിച്ച് അന്വേഷിച്ച് വേണ്ട പരിഹാര നടപടികൾ സ്വീകരിക്കുക.
7. ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഏതെങ്കിലും അത്യാവശ്യ കാര്യങ്ങൾക്കായി ചെലവാക്കുവാൻ തുക അനുവദിക്കുക. ഈ തുകയുടെ പരിധി അതാത് തലങ്ങളിലെ മാനേജിംഗ് കമ്മറ്റി നിശ്ചയിക്കേണ്ടതാണ്. ഇപ്രകാരം സ്വീകരിക്കുന്ന നടപടി അടുത്ത് വരുന്ന മാനേജിംഗ് കമ്മിറ്റിയിൽ അവതരിപ്പിച്ച് അംഗീകാരം നേടുക.

www.malankaralibrary.com


8. ഏതെങ്കിലും ഉദ്യോഗഭാരവാഹികളുടെ അഭാവത്തിൽ താൽക്കാലിക ക്രമീകരണം ഏർപ്പെടുത്തുക.

## F. വൈസ് പ്രസിഡന്റുമാർ

1. പ്രസിഡന്റിലെ സംഘടനാ പ്രവർത്തനങ്ങളിൽ സഹായിക്കുക.
2. പ്രസിഡന്റ് ഹാജരില്ലാത്ത സന്ദർഭങ്ങളിൽ അദ്ദേഹത്തിന്റെ ചുമതലകൾ സീനിയർ വൈസ് പ്രസിഡന്റ് (പ്രായത്തിൽ) വഹിക്കേണ്ടതാണ്.
3. മാനേജിംഗ് കമ്മറ്റി നിർദ്ദേശിക്കുന്ന ഇതര ചുമതലകളും വൈസ് പ്രസിഡന്റുമാരുടെ പരിധിയിൽപ്പെട്ടതാകുന്നു.

## G. ജനറൽ സെക്രട്ടറി

1. സംഘടനയുടെ ദൈനംദിന കാര്യനിർവ്വഹണ ചുമതല ജനറൽ സെക്രട്ടറിക്കായിരിക്കും.
2. പ്രസിഡന്റിന്റെ നിർദ്ദേശാനുസരണം യോഗങ്ങൾ വിളിച്ചുകൂട്ടുക.
3. യോഗങ്ങളുടെ മിനിറ്റ്സ് എഴുതുകയും റിപ്പോർട്ടുകൾ തയ്യാറാക്കി അവതരിപ്പിക്കുകയും ചെയ്യുക.
4. എഴുത്തുകുത്തുകൾ നടത്തുകയും സംഘടനയുടെ ഫയലുകളും റെക്കോർഡുകളും സൂക്ഷിക്കുകയും ചെയ്യുക.
5. സ്ഥാപനങ്ങളുടെയും ആഫീസിന്റെയും മേൽനോട്ടം വഹിക്കുക.
6. ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക ചെലവാക്കാൻ ട്രഷററെ രേഖാമൂലം ചുമതലപ്പെടുത്തുക.
7. അടിയന്തിര ഘട്ടങ്ങളിൽ ചെലവാക്കുന്നതിന് വേണ്ടി മാനേജിംഗ് കമ്മിറ്റി നിശ്ചയിക്കുന്ന തുക കൈവശം വയ്ക്കുകയോ സ്വന്തം ഉത്തരവാദിത്വത്തിൽ ചെലവാക്കുകയും കണക്ക് ട്രഷററെ ബോധ്യപ്പെടുത്തുകയും ചെയ്യുക.
8. ജനറൽ സെക്രട്ടറിയുടെ ഏതെങ്കിലും അധികാരമോ ചുമതലയോ മാനേജിംഗ് കമ്മിറ്റിയുടെ അനുമതിയോടുകൂടി സെക്രട്ടറിയെ ഏൽപ്പിക്കാവുന്നതാണ്.

## H. സെക്രട്ടറി

1. ജനറൽ സെക്രട്ടറിയെ കാര്യനിർവ്വഹണത്തിൽ സഹായിക്കുക.
2. ജനറൽ സെക്രട്ടറിയുടെ അഭാവത്തിൽ അദ്ദേഹത്തിന്റെ ചുമതലകൾ നിർവ്വഹിക്കുക.
3. മാനേജിംഗ് കമ്മിറ്റി നിർദ്ദേശിക്കുന്ന ഇതര ചുമതലകളും സെക്രട്ടറിയുടെ പരിധിയിൽപ്പെട്ടതാകുന്നു.

www.malankaralibrary.com



## I. ട്രഷറർ

1. സംഘടനയുടെ ദൈനംദിന വരവു ചെലവു കണക്കുകൾ എഴുതി സൂക്ഷിക്കുകയും ഓഡിറ്റിനു വിധേയമായ വാർഷിക വരവു ചെലവുകണക്കുകൾ അസംബ്ലിയിൽ അവതരിപ്പിക്കുകയും ചെയ്യുക.
2. വാർഷിക ബഡ്ജറ്റ് അവതരിപ്പിക്കുക.
3. വരവു ചെലവു കണക്കുകളുടെ ത്രൈമാസിക സ്റ്റേറ്റുമെന്റ് തയ്യാറാക്കി എക്സിക്യൂട്ടീവ് യോഗത്തിൽ അവതരിപ്പിക്കുക.
4. സ്വത്തുക്കളുടെയും വരവുചെലവുകളുടെയും കണക്കുകൾ എഴുതുകയും ബന്ധപ്പെട്ട പ്രമാണങ്ങൾ, ബാങ്ക് പാസ്സുബുക്കുകൾ ഇതര രേഖകൾ എന്നിവ സ്വന്തം ഉത്തരവാദിത്വത്തിൽ സൂക്ഷിക്കുകയും ചെയ്യുക.
5. അത്യാവശ്യ ചെലവുകൾക്കായി മാനേജിംഗ് കമ്മിറ്റി നിശ്ചയിക്കുന്ന തുക കൈവശം വയ്ക്കാവുന്നതാണ്.
6. സംഘടനയ്ക്കുവേണ്ട ഫീസുകൾ, വരിസംഖ്യകൾ, സംഭാവനകൾ മുതലായവ സ്വീകരിക്കുകയും അവയ്ക്ക് സംഘടനയുടെ മുദ്രയോടുകൂടിയ രസീതുകൾ നൽകുകയും ചെയ്യുക.

## അദ്ധ്യായം XI

## യോഗങ്ങൾ

### A. സഭാതല എക്സിക്യൂട്ടീവ് കമ്മറ്റി:-

1. സഭാതല എക്സിക്യൂട്ടീവ് കമ്മറ്റി ആവശ്യാനുസരണം വിളിച്ചു കൂട്ടാവുന്നതാണ്.
2. യോഗത്തിന് സഭാതല വൈദീകോപദേഷ്ടാവിന്റെയോ പ്രസിഡന്റിന്റെയോ (പ്രസിഡന്റിന്റെ അഭാവത്തിൽ ചുമതല വഹിക്കുന്ന വൈസ് പ്രസിഡന്റിന്റെയോ) സാന്നിദ്ധ്യം ആവശ്യമാണ്.
3. യോഗത്തിന്റെ കോറം മൂന്നിൽ ഒന്ന് ആകുന്നു. ആദ്യ യോഗത്തിൽ കോറം തികയാതെ വന്നാൽ അതേ അജണ്ടയോടുകൂടി വിളിച്ചുകൂട്ടുന്ന അടുത്ത യോഗത്തിന് കോറം ആവശ്യമില്ലാത്തതാകുന്നു.
4. സഭാതല എക്സിക്യൂട്ടീവ് കമ്മറ്റി മൂന്നുമാസത്തിലൊരിക്കലെങ്കിലും സമ്മേളിച്ചിരിക്കണം.

### B. സഭാതല മാനേജിംഗ് കമ്മിറ്റി

1. സഭാതല മാനേജിംഗ് കമ്മിറ്റി ആവശ്യാനുസരണം സമ്മേളിച്ച് നടപടികൾ കൈക്കൊള്ളാവുന്നതാണ്.

www.malankaralibrary.com



2. യോഗത്തിന്റെ കോറം മൂന്നിൽ ഒന്ന് + ഒന്ന് ആയിരിക്കും. ആദ്യ യോഗത്തിൽ കോറം തികയാതെ വന്നാൽ പിന്നീട് കോറം ആവശ്യമില്ലാത്തതാകുന്നു.

C. സഭാതല അസംബ്ലി

1. സഭാതല അസംബ്ലി വർഷത്തിലൊരിക്കലെങ്കിലും സമ്മേളിച്ചിരിക്കണം. കൂടാതെ മാനേജിംഗ് കമ്മറ്റി നിശ്ചയിക്കുന്ന അവസരങ്ങളിൽ വിശേഷാൽ യോഗങ്ങൾ ജനറൽ സെക്രട്ടറി വിളിച്ചുകൂട്ടേണ്ടതാണ്.
2. സംഘടനയുടെ വാർഷിക അസംബ്ലി ജനുവരി 31 ന് മുമ്പുകൂടി മുന്നാണ്ടത്തെ വരവു ചെലവു കണക്കുകളും തന്നാണ്ടത്തെ ബഡ്ജറ്റും അവതരിപ്പിക്കേണ്ടതാണ്. എന്നാൽ തെരഞ്ഞെടുപ്പ് വേണ്ടിവരുന്ന വർഷങ്ങളിൽ ബഡ്ജറ്റ് അവതരിപ്പിക്കേണ്ടത് തെരഞ്ഞെടുപ്പിനുശേഷം ഒരു മാസത്തിനകമായിരിക്കണം.
3. അസംബ്ലി യോഗത്തിനുള്ള നോട്ടീസ് യോഗത്തിന് 15 ദിവസം മുമ്പെങ്കിലും അയച്ചിരിക്കണം. പ്രസ്തുത അറിയിപ്പിൽ യോഗം ചേരുന്ന സ്ഥലം, തീയതി, സമയം, കാര്യപരിപാടികൾ ഇവ വിശദമായിരിക്കണം.
4. സഭാതല അസംബ്ലിയുടെ കോറം നാലിൽ ഒന്ന് + ഒന്ന് ആയിരിക്കും. ഒരു യോഗത്തിന് കോറം തികയാതെ വന്നാൽ ആ തീയതി മുതൽ 20 ദിവസത്തിനുള്ളിൽ ആദ്യയോഗ കാര്യപരിപാടി അനുസരിച്ച് നോട്ടീസ് നൽകി യോഗം വിളിച്ചുകൂട്ടേണ്ടതും പ്രസ്തുത യോഗത്തിന് കോറം നിർബന്ധമല്ലാത്തതുമാകുന്നു.
5. ഭരണഘടന ഭേദഗതികൾ വരുത്തുന്നതിന് പ്രത്യേകം അജണ്ടയോടുകൂടി വിളിച്ചുകൂട്ടുന്ന അസംബ്ലിയിൽ ഹാജരുള്ളവരിൽ മൂന്നിൽ രണ്ട് ഭാഗം അനുകൂലമായിരിക്കുകയും പ്രസ്തുത ഭേദഗതിയ്ക്ക് നിയമ പ്രാബല്യം ലഭിക്കുന്നതിന് മലങ്കര സുറിയാനി കത്തോലിക്കാ എപ്പിസ്കോപ്പൽ സിനഡിന്റെ അധികാരം ഉണ്ടായിരിക്കുകയും വേണം.
6. ഭേദഗതികൾ ചർച്ച ചെയ്യുന്നതിനുവേണ്ടി വിളിക്കുന്ന യോഗത്തിന്റെ നോട്ടീസിൽ ഭേദഗതികളുടെ പൂർണ്ണരൂപം ചേർത്തിരിക്കണം.
7. അസംബ്ലിയിൽ അവതരിപ്പിക്കേണ്ട പ്രമേയങ്ങൾ യോഗത്തിന് രണ്ടു ദിവസം മുമ്പെങ്കിലും ജനറൽ സെക്രട്ടറിയെ

www.malankaralibrary.com



ഏൽപ്പിക്കേണ്ടതാണ്. മാനേജിംഗ് കമ്മിററി അംഗീകരിക്കാത്ത യാതൊരു പ്രമേയവും അസംബ്ലിയിൽ അവതരിപ്പിക്കുവാൻ പാടില്ലാത്തതാകുന്നു. എന്നാൽ പ്രമേയത്തിന്റെ പ്രതിപാദ്യവിഷയം പ്രമേയം സമർപ്പിക്കേണ്ട ദിവസത്തിനുശേഷം ഉത്ഭവിച്ചതാണെങ്കിൽ കേന്ദ്ര എക്സിക്യൂട്ടീവ് കമ്മറ്റിയുടെ അനുമതിയോടെ അവതരിപ്പിക്കാവുന്നതാണ്. ഔദ്യോഗിക പ്രമേയങ്ങൾക്ക് മുൻകൂർ നോട്ടീസ് ആവശ്യമില്ല.

8. വിവിധ ജീവിത തുറകളിൽ സേവനമനുഷ്ഠിക്കുന്ന ഉചിതമെന്നു തോന്നുന്ന 5 പേരെ എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് ചെയർമാന്റെ അനുമതിയോടുകൂടി മാനേജിംഗ് കമ്മിറ്റിയിലേക്ക് ക്ഷണിതാക്കളായി നോമിനേറ്റ് ചെയ്യാവുന്നതാണ്.
9. സ്ഥാനമൊഴിയുന്ന പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ട്രഷറാർ എന്നിവർ തൊട്ടടുത്തു വരുന്ന മാനേജിംഗ് കമ്മിറ്റിയിലെ സ്ഥിരം ക്ഷണിതാക്കളായിരിക്കുന്നതാണ്.
10 മലങ്കര സഭാതലത്തിലുള്ള ഇതര അല്മായ സംഘടനകളിലെ പ്രധാന ഉദ്യോഗ ഭാരവാഹികൾ കേന്ദ്ര അസംബ്ലിയിലെ പ്രത്യേക ക്ഷണിതാക്കൾ ആയിരിക്കുന്നതാണ്. (MCYM, Vencent De Paul, Legin of Mary, മാതൃസംഘം തുടങ്ങിയവ.) കത്തോലിക്കാ സഭയുടെ സംയുക്ത വേദികളായ കേരള കാത്തലിക് ഫെഡറേഷൻ (കെ.സി.എഫ്.), ആൾ ഇന്ത്യ കാത്തലിക് യൂണിയൻ (എ.ഐ.സി.യു.), കേരളാ കാത്തലിക് കൗൺസിൽ (കെ.സി.സി.), കാത്തലിക് കൗൺസിൽ ഓഫ് ഇന്ത്യ (സി.സി.ഐ.) ഇവയിലെ അൽമായ ഭാരവാഹികൾ, കേരളാ കാത്തലിക് ബിഷപ്പ്സ് കൗൺസിൽ (കെ.സി.ബി.സി), കാത്തലിക് ബിഷപ്പ്സ് കോൺഫറൻസ് ഓഫ് ഇന്ത്യ (സി.ബി.സി.ഐ.) നേതൃത്വത്തിലുള്ള വിവിധ സമിതികളിലെ ഭാരവാഹികൾ ഇവരും മാനേജിംഗ് കമ്മിറ്റികളിലെ സ്ഥിരം ക്ഷണിതാക്കൾ ആയിരിക്കും.
11. ആൾ ഇന്ത്യാ കാത്തലിക് യൂണിയൻ, കേരള കാത്തലിക് ഫെഡറേഷൻ തുടങ്ങിയ ഉപരിതല ഫെഡറേഷനുകളിലേക്കുള്ള പ്രതിനിധികളെ സഭാതല മാനേജിംഗ് കമ്മിറ്റി തെരഞ്ഞെടുക്കേണ്ടതാണ്.

D. കോറം.

ഭദ്രാസന, ഇടവക തലങ്ങളിലുള്ള കോറം, നടപടിക്രമങ്ങൾ തുടങ്ങിയവ ഭദ്രാസന നിയമാവലിയ്ക്ക് അനുസൃതമായിരിക്കും.

www.malankaralibrary.com



E. **അംഗത്വം റദ്ദാകുന്നത്:**

ഏതെങ്കിലും തലത്തിലുള്ള ഒരു ഭാരവാഹി ചുമതലയുള്ള യോഗങ്ങളിൽ മൂന്ന് പ്രാവശ്യം തുടർച്ചയായി രേഖാമൂലമുള്ള അവധി കൂടാതെ ഹാജരാകാതിരുന്നാൽ ആ അംഗത്തിന്റെ പ്രസ്തുത കമ്മിറ്റിയിൽ നിന്നുള്ള അംഗത്വം സ്വയമേവ റദ്ദാക്കപ്പെടുന്നതാണ്. ഈ വിവരം രേഖാമൂലം പ്രസ്തുത അംഗത്തെ അതാതു തല ഉപരിസമിതി അറിയിക്കേണ്ടതാണ്.

F. **അച്ചടക്ക നടപടി- കമ്മിറ്റികൾക്ക്:-**

ഏതെങ്കിലും തലത്തിലുള്ള കമ്മിറ്റികൾ പ്രവർത്തനരഹിതമാകുകയോ ആദർശലക്ഷ്യങ്ങളിൽ നിന്നും വ്യതിചലിക്കുകയോ ചെയ്താൽ യുക്തമായ തീരുമാനങ്ങൾ എടുക്കുവാൻ അതാത് തല ഉപരി സമിതിക്ക് അധികാരം ഉണ്ടായിരിക്കുന്നതും ആവശ്യമെന്ന് തോന്നുന്ന പക്ഷം പിരിച്ചുവിടുക പുനഃസംഘടിപ്പിക്കുക തുടങ്ങിയ നടപടികൾ സ്വീകരിക്കാവുന്നതാണ്.

G. **അച്ചടക്ക് നടപടി- ഭാരവാഹികൾക്ക്:-**

ഏതെങ്കിലും തലത്തിലുള്ള ഭാരവാഹികൾ പ്രവർത്തനങ്ങളിൽ നിന്നും വിട്ടുനിൽക്കുകയോ ആദർശലക്ഷ്യങ്ങളിൽ നിന്ന് വ്യതിചലിക്കുകയോ ചെയ്താൽ യുക്തമായ തീരുമാനങ്ങൾ എടുക്കുവാൻ അതാത് ഉപരിസമിതി കമ്മിറ്റിക്ക് അധികാരം ഉണ്ടായിരിക്കുന്നതും ആവശ്യമെന്ന് തോന്നിയാൽ താൽക്കാലികമായി പ്രവർത്തനങ്ങളിൽ നിന്നും ഒഴിവാക്കുക. നിശ്ചിത കാലപരിധി വരെ അംഗത്വം റദ്ദാക്കുക തുടങ്ങിയ നടപടികൾ സ്വീകരിക്കാവുന്നതാണ്.

## അദ്ധ്യായം XII

A. **പതാക**

പേപ്പൽ പതാകയുടെ മദ്ധ്യത്തിൽ സംഘടനയുടെ എംബ്ലം മുദ്രണം ചെയ്തതാണ് സംഘടനയുടെ പതാക. പതാകയുടെ നീളം, വീതി എന്നിവ യഥാക്രമം 3:2 എന്ന അനുപാതത്തിൽ ആയിരിക്കണം.

B. **എംബ്ലം**

C. **മുദ്രാവാക്യം**

സത്യം, ഐക്യം, സമാധാനം (Truth, Unity, Peace) എന്നതാണ് സംഘടനയുടെ മുദ്രാവാക്യം.

www.malankaralibrary.com



**D. സ്വർഗ്ഗീയ മദ്ധ്യസ്ഥൻ**

എം.സി.എ.യുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥൻ വി. യൗസേപ്പ് പിതാവ് ആയിരിക്കും. തൊഴിലാളി മദ്ധ്യസ്ഥൻ കൂടിയായ വി. യൗസേപ്പ് പിതാവിന്റെ പെരുന്നാൾ ദിനമായ മെയ് 1 എം.സി.എ. ദിനമായിരിക്കുന്നതാണ്. മെയ് 1 ഞായറാഴ്ചയോ അല്ലെങ്കിൽ മെയ് ആദ്യ ഞായറാഴ്ചയോ എം.സി.എ. ദിനമായി ആചരിക്കേണ്ടതാണ്.

**E. പ്രതിജ്ഞ:-** എം.സി.എ.യുടെ പ്രതിജ്ഞ എം.സി.എ.യുടെ ഔദ്യോഗിക യോഗങ്ങളിലും ഭാരവാഹികൾ ചുമതല ഏൽക്കുന്ന സമയത്തും ചൊല്ലേണ്ടതാണ്.

പരിശുദ്ധ കത്തോലിക്കാസഭയിൽ/തനതായ വ്യക്തിത്വത്തോടെ നിലകൊള്ളുന്ന/ഒരു പ്രാദേശിക അപ്പസ്തോലിക സഭയായ/മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ/അൽമായ പ്രസ്ഥാനമായ/ മലങ്കര കാത്തലിക് അസോസിയേഷനിൽ /അംഗമായി പ്രവർത്തിക്കുന്ന ഞാൻ പിതാവായ ദൈവം/പുത്രനായ യേശുവിലൂടെ ആവിഷ്ക്കരിക്കുകയും/പരിശുദ്ധാത്മാവിലൂടെ പൂർത്തീകരിക്കുകയും ചെയ്യുന്ന/രക്ഷാകര പദ്ധതിയിലും തിരുസഭയിലും വിശ്വസിക്കുന്നു. അപ്പസ്തോലനായ മാർ തോമാശ്ലീഹായാൽ/ സ്ഥാപിതമായ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ /അപ്പസ്തോലിക പൈതൃകത്തിലും/ആർഷഭാരതത്തിന്റെ/സാംസ്കാരിക തനിമയിലും ആദ്ധ്യാത്മിക പാരമ്പര്യങ്ങളിലും/മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ/സവിശേഷമായ ആഭിമുഖ്യത്തിലും ഞാൻ അഭിമാനിക്കുന്നു.

തിരുസഭയും/സഭാ പിതാക്കന്മാരും/ എന്നിൽ ഭരമേല്പിച്ച/ സുവിശേഷനിർവ്വഹണത്തിന്/ വ്യക്തിപരമായും, സംഘടനാപരമായും പ്രവർത്തിക്കാൻ ഞാൻ /ബാധ്യസ്ഥനാണെന്നും/മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ/പ്രത്യേക ദൗത്യമായ/ പുനരൈക്യ പരിശ്രമത്തിൽ/പങ്കുകാരനാകണമെന്നുള്ള/ ബോധ്യവും എന്നെ നയിക്കുന്നു./എം.സി.എ.യുടെ നിയമാവലിക്ക് വിധേയനായി അതിന്റെ കർമ്മപരിപാടികളിലൂടെ/ സഭയുടെയും സമൂഹത്തിന്റെയും/ സാമൂഹികവും സാംസ്കാരികവും/ വിദ്യാഭ്യാസപരവും, രാഷ്ട്രീയവുമായ/ ഉന്നമനത്തിനായി/ സഭാധികാരികളോട് ചേർന്ന്/ കൂട്ടായി പ്രവർത്തിച്ചുകൊള്ളാമെന്നും/ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

ഈ പ്രതിജ്ഞ പാലിക്കുവാൻ പരിശുദ്ധ കന്യകാമറിയാമും സകല വിശുദ്ധന്മാരും എം.സി.എ.യുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വിശുദ്ധ യൗസേഫ് പിതാവും എന്നെ സഹായിക്കട്ടെ. ആമ്മീൻ.

www.malankaralibrary.com



F എം.സി.എ. ആന്തം

എം.സി.എ.യുടെ ഔദ്യോഗിക ആന്തം താഴെ ചേർക്കുന്നതാണ്.

സത്യസമാധാനൈക്യത്തിന്റെ
അശ്വരഥങ്ങൾ തെളിച്ചീടാം
വിശ്വം മുഴുവൻ മലയാങ്കരയുടെ
ക്രൈസ്തവ ധർമ്മം നിറവേറ്റാം -2
ആ ആ ആ ആ...... ആ ആ ആ ആ -2
ഇരുളാർന്നീടും ഹൃദയതടങ്ങളിലൊരു
തരി വെട്ടം പകരാം -2
നവയുഗ ശില്പികളാകാം
നാടിൻ ധമനികളായി ഭവിക്കാം -2
ഭാരത സംസ്കൃതി മുദ്രകൾ ചാർത്തിയ സഭയുടെ -
സുതരുണരുകയായ് -2
പ്രേഷിത ദൗത്യനിയോഗവുമായി
അണിചേരുകയായ് മുന്നേറാൻ
ഇതിഹാസോജ്ജ്വല
കർമ്മപഥങ്ങളിൽ ചരിത്രമെഴുതുകയായ് നമ്മൾ -2
സൃഷ്ടിസ്ഥിതിലയ ശക്തികൾ നമ്മൾ
എം.സി.എ......., എം.സി.എ........, എം.സി.എ.....

G പ്രാർത്ഥന

എം.സി.എ. യുടെ ഔദ്യോഗിക യോഗങ്ങളിൽ ചൊല്ലുന്നതിനുള്ള പ്രാർത്ഥന താഴെ ചേർക്കുന്നതാണ്.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ സ്നേഹപിതാവേ ഞങ്ങൾ അങ്ങയെ ആരാധിക്കുകയും സ്തുതിക്കുകയും അങ്ങേയ്ക്കു നന്ദി പറയുകയും ചെയ്യുന്നു. മനുഷ്യവംശത്തിന്റെ വീണ്ടെടുപ്പിനായി അവതരിച്ച അങ്ങേ തിരുക്കുമാരൻ, അങ്ങയെ ഞങ്ങൾക്ക് വെളിപ്പെടുത്തി തരികയും, കുരിശിലെ യാഗം വഴിയായി ഞങ്ങളെ അവിടുത്തെ മക്കളാക്കിത്തീർക്കുകയും ചെയ്തു. അങ്ങേ പ്രിയ പുത്രന്റെ രക്ഷാകര സന്ദേശം ലോകമെങ്ങും അറിയിക്കുവാൻ ഞങ്ങളെ അവിടുന്ന് ഭരമേൽപ്പിച്ചിരിക്കുകയാണല്ലോ. ഈ മഹത്തായ ഉത്തരവാദിത്വം മലങ്കര കാത്തലിക് അസോസിയേഷനിലൂടെ നിറവേറ്റുവാൻ ഞങ്ങൾക്ക് കൃപ തരണമെ.

www.malankaralibrary.com



ആദിമ ക്രൈസ്തവസഹോദരങ്ങളെപ്പോലെ ഒരേ മനസ്സും ഒരേ ഹൃദയവും ഉള്ളവരായി ജീവിക്കുവാനും പ്രവർത്തിക്കുവാനും എം. സി. എ.യുടെ ചൈതന്യം സ്വാംശീകരിക്കുവാനും സുവിശേഷ സന്ദേശം സ്വീകരിക്കുവാനും, പ്രചരിപ്പിക്കുവാനും ഞങ്ങളെ ഒരുക്കേണമെ. പരസ്പരം ഭാരങ്ങൾ വഹിക്കാനും, സ്നേഹശുശ്രൂഷയിലൂടെയും, പങ്കുവയ്ക്കലിലൂടെയും സമഗ്ര വിമോചനവും, ഐശ്വര്യവും ലക്ഷ്യമായുള്ള ഒരു മലങ്കര സുറിയാനി കത്തോലിക്കാ സഭാകൂട്ടായ്മയെ കെട്ടിപ്പെടുക്കുവാനും ഞങ്ങളെ സഹായിക്കണമെ!

മലങ്കര കാത്തലിക് അസോസിയേഷനെ അങ്ങ് പ്രത്യേകമായി ആശീർവദിക്കുകയും അങ്ങയുടെ തിരുഹൃദയത്തിൽ കാത്തുസൂക്ഷിക്കുകയും ചെയ്യേണമെ! സാർവ്വത്രിക സഭയുടെ തലവനായ മാർപ്പാപ്പയോടും, മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനും പിതാവുമായ കാതോലിക്കാബാവായോടും, സഭയിലെ എല്ലാ മെത്രാപ്പോലീത്താമാരോടും, വൈദികരോടും, സന്യസ്തരോടും, ദൈവജനത്തോടും സമ്പൂർണ്ണകൂട്ടായ്മ പുലർത്തി തിരുനാമമഹത്വത്തിനായി പ്രവർത്തിപ്പാൻ ഞങ്ങളെ അനുഗ്രഹിക്കേണമേ. ഞങ്ങളുടെ എല്ലാ ചിന്തകളെയും, സംരംഭങ്ങളെയും വിശുദ്ധീകരിക്കുകയും, എം.സി. എ.യുടെ സഭാശുശ്രൂഷകരായിത്തീരുവാൻ ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്യണമേ. മലങ്കര കാത്തലിക് അസോസിയേഷനെ അവിടുത്തെ കരുണാപൂർണ്ണമായ പരിപാലനയ്ക്കായി സമർപ്പിക്കുന്നു. അസോസിയേഷന് നേതൃത്വം നൽകുന്ന എല്ലാവരേയും അങ്ങേ കൃപയാൽ കാത്തുകൊള്ളണമേ! അങ്ങയുടെ തിരുഹിതം തിരിച്ചറിഞ്ഞ് പ്രവർത്തിപ്പാനും അത് ജീവിതത്തിലുടെ സാക്ഷ്യമാകുവാനും അവർക്ക് കൃപ നൽകണമേ! പുനരൈക്യത്തിന്റെ മാതാവായ പരിശുദ്ധ കന്യകാ മറിയത്തോടും എം.സി.എ.യുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പ് പിതാവിനോടും ചേർന്ന് അങ്ങേ തിരുക്കുമാരനായ യേശുവിന്റെ നാമത്തിൽ ഞങ്ങൾ അർപ്പിക്കുന്ന പ്രാർത്ഥന കേൾക്കണമേ. ആമ്മീൻ.

www.malankaralibrary.com



## H ദിനാചരണങ്ങൾ

എം.സി.എ. താഴെപ്പറയുന്ന ദിനാചരണങ്ങൾ സഭാതല ഭദ്രാസന, മേഖല ഇടവകതലങ്ങളിൽ ആചരിക്കേണ്ടതാണ്.

1. ജനുവരി 1 - പുതുവർഷദിനം
ജനുവരി 18 - സിറിൽ ബസ്സേലിയോസ് കാതോലിക്കാ ബാവാ ഓർമ്മദിനം
ജനുവരി 26 - റിപ്പബ്ലിക് ദിനം (എം.സി.എ. സ്ഥാപക ദിനം)
മാർച്ച് 19 - സെന്റ് ജോസഫ്സ് ഫീസ്റ്റ്
മെയ് 1 - അൽമായദിനം (മെയ് ആദ്യ ഞായർ)
ജൂൺ 27 - മാർ തെയോഫിലോസ് ദിനം
ജൂലൈ 3 - സെന്റ് തോമസ് ദിനം
ജൂലൈ 13 - മാർ ഇവാനിയോസ് കബറിങ്കൽ അനുസ്മരണം (എം.സി.എ.യുടെ നേതൃത്വത്തിൽ)
ജൂലൈ 15 - മാർ ഈവാനിയോസ് അനുസ്മരണ ദിനം
ആഗസ്റ്റ് 4 - (ആദ്യ ഞായർ) വി ജോൺ മരിയ വിയാനിയുടെ ഓർമ്മദിനം-വൈദികദിനം
ആഗസ്റ്റ് 15 - സ്വാതന്ത്ര്യദിനം (മാതാവിന്റെ സ്വർഗ്ഗാരോപണം)
സെപ്റ്റംബർ 8 - പരിശുദ്ധ മാതാവിന്റെ ജനനപ്പെരുന്നാൾ
സെപ്റ്റംബർ 20 - പുനരൈക്യദിനം
ഒക്ടോബർ 2 - ഗാന്ധിജയന്തി- വിശ്വശാന്തി ദിനം
ഒക്ടോബർ 9 - ശാന്തിയാത്ര
ഒക്ടോബർ 10 - മാർ ഗ്രീഗോറിയോസ് അനുസ്മരണ ദിനം
ഡിസംബർ 25 - ക്രിസ്തുമസ്

## അദ്ധ്യായം XIII

### സ്വത്തുക്കൾ

1. ഈ സംഘടനയുടെ സഭാതല സ്ഥാവരജംഗമ സ്വത്തുക്കൾ സംഘടനയക്ക് വേണ്ടി പ്രസിഡന്റിന്റെ പേരിൽ സമ്പാദിക്കേണ്ടതും അവ മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ സ്വത്തായി പരിഗണിക്കുന്നതുമാകുന്നു. യാതൊരംഗത്തിനും സ്വത്തിൽ വിഹിതമോ അവകാശമോ ഉണ്ടായിരിക്കുന്നതല്ല.
2. സംഘടന നിർത്തലാക്കപ്പെടുകയോ സ്വയം നിന്നു പോവുകയോ ചെയ്താൽ ബാദ്ധ്യതകൾ ഒഴിച്ചുള്ള സ്വത്ത് എപ്പിസ്കോപ്പൽ സിനഡിന്റെ തീരുമാനപ്രകാരം വിനിയോഗിക്കേണ്ടതാകുന്നു.

www.malankaralibrary.com



3. സംഘടനയുടെ ഫണ്ട്, പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ട്രഷറാർ എന്നിവരുടെ പേരിൽജോയിന്റ് അക്കൗണ്ടായി ഏതെങ്കിലും ഷെഡ്യൂൾഡ്/ നാഷണലൈസ്ഡ് ബാങ്കിൽ നിക്ഷേപിക്കേണ്ടതും പ്രസ്തുത അക്കൗണ്ട് പ്രസിഡന്റും ജനറൽ സെക്രട്ടറിയും അല്ലെങ്കിൽ പ്രസിഡന്റും ട്രഷററും ജോയിന്റായി ഓപ്പറേറ്റ് ചെയ്യേണ്ടതുമാകുന്നു.

4. പ്രവേശന ഫീസിന്റെയും വാർഷിക വരിസംഖ്യയുടെയും 25% സഭാതല സമിതിയിലേക്ക് നൽകേണ്ടതാണ്. ബാക്കി തുക ഭദ്രാസനമിഷൻ നിയമാവലിയ്ക്ക് അനുസൃതമായി വിനിയോഗിക്കേണ്ടതാണ്.

5. എം.സി.എ. ദിനത്തിന് സ്വരൂപിക്കുന്ന സ്തോത്രകാഴ്ച/ സംഭാവനയുടെ 50% സഭാതല സമിതിയുടെ പ്രവർത്തനത്തിന് നൽകേണ്ടതാണ്. ഈ 50% തുക കാതോലിക്കേറ്റ് കൂരിയായിലാണ് അടയ്ക്കേണ്ടത്.

6. മലങ്കര കാത്തലിക് അസോസിയേഷൻ നടത്തുന്നതും അസോസിയേഷന്റെ പേരിലുള്ളതമായ വ്യവഹാരങ്ങൾ ഭദ്രാസനതലത്തിൽ ഭദ്രാസന രക്ഷാധികാരിയുടെയും സഭാതലത്തിൽ സഭാതല രക്ഷാധികാരിയുടെയും അനുമതിയോടെ മാത്രം അതത് ഘടകങ്ങളുടെ പ്രസിഡന്റുമാർ നടത്തേണ്ടതാണ്.

## അദ്ധ്യായം XIV

### ശിക്ഷണ നടപടികൾ

ഉദ്യോഗവാഹികളുടെ പ്രവർത്തനത്തിൽ അക്ഷന്തവ്യമായ വീഴ്ചയുണ്ടാകുമ്പോൾ സംഘടനയിലെ അതാത് തലങ്ങളിലെ അസംബ്ലി അംഗങ്ങളിൽ മൂന്നിലൊന്ന് പേർ രേഖാമൂലം രക്ഷാധികാരിയോടു പരാതിപ്പെടുകയോ രക്ഷാധികാരിയ്ക്ക് സ്വയം ബോധ്യപ്പെടുകയോ ചെയ്താൽ യോഗ്യമായ അന്വേഷണത്തിനു ശേഷം സംഘടനയിൽ നിന്നും താൽക്കാലികമായോ സ്ഥിരമായോ നീക്കം ചെയ്യുന്നതുൾപ്പെടെയുള്ള ശിക്ഷണനടപടികൾ സ്വീകരിക്കുന്നതുമാകുന്നു. ഇക്കാര്യത്തിൽ രക്ഷാധികാരികളുടെ തീരുമാനം അന്തിമമായിരിക്കും.

## അദ്ധ്യായം XV

### നിയമവ്യാഖ്യാനം

ഭരണഘടനയെ വ്യാഖ്യാനിക്കുന്നതിനുള്ള അധികാരം സഭാതല മാനേജിംഗ് കമ്മറ്റിക്കായിരിക്കും. വ്യാഖ്യാനത്തിന്റെ ആധികാരികത രക്ഷാധികാരിയുടെ അംഗീകാരത്തിന് വിധേയമായിരിക്കും.

www.malankaralibrary.com



**പ്രതിജ്ഞ:-**

പരിശുദ്ധ കത്തോലിക്കാസഭയിൽ/തനതായ വ്യക്തിത്വത്തോടെ നില കൊള്ളുന്ന/ഒരു പ്രാദേശിക അപ്പസ്തോലിക സഭയായ/മലങ്കര സുറിയാനി കത്തോലിക്കാസഭയിലെ/അൽമായ പ്രസ്ഥാനമായ/മലങ്കര കാത്തലിക് അസോസിയേഷനിൽ /അംഗമായി പ്രവർത്തിക്കുന്ന ഞാൻ പിതാവായ ദൈവം/പുത്രനായ യേശുവിലൂടെ ആവിഷ്ക്കരിക്കുകയും/പരിശുദ്ധാത്മാവിലൂടെ പൂർത്തീകരിക്കുകയും ചെയ്യുന്ന/രക്ഷാകര പദ്ധതിയിലും തിരുസഭയിലും വിശ്വസിക്കുന്നു.

അപ്പസ്തോലനായ മാർ തോമാശ്ലീഹായാൽ/ സ്ഥാപിതമായ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ /അപ്പസ്തോലിക പൈതൃകത്തിലും / ആർഷഭാരതത്തിന്റെ /സാംസ്കാരിക തനിമയിലും ആദ്ധ്യാത്മിക പാരമ്പര്യങ്ങളിലും / മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ/ സവിശേഷമായ ആഭിമുഖ്യത്തിലും ഞാൻ അഭിമാനിക്കുന്നു.

തിരുസഭയും / സഭാ പിതാക്കന്മാരും/ എന്നിൽ ഭരമേല്പിച്ച/ സുവിശേഷനിർവ്വഹണത്തിന്/ വ്യക്തിപരമായും, സംഘടനാപരമായും പ്രവർത്തിക്കാൻ ഞാൻ /ബാധ്യസ്ഥനാണെന്നും/മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ/പ്രത്യേക ദൗത്യമായ/പുനരൈക്യ പരിശ്രമത്തിൽ/ പങ്കുകാരനാകണമെന്നുള്ള/ ബോധ്യവും എന്നെ നയിക്കുന്നു. / എം.സി.എ.യുടെ നിയമാവലിക്ക് വിധേയനായി അതിന്റെ കർമ്മപരിപാടികളിലൂടെ/ സഭയുടെയും സമൂഹത്തിന്റെയും/ സാമൂഹികവും സാംസ്കാരികവും/ വിദ്യാഭ്യാസപരവും, രാഷ്ട്രീയവുമായ/ ഉന്നമനത്തിനായി/ സഭാധികാരികളോട് ചേർന്ന് / കൂട്ടായി പ്രവർത്തിച്ചുകൊള്ളാമെന്നും /ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

ഈ പ്രതിജ്ഞ പാലിക്കുവാൻ പരിശുദ്ധ കന്യകാമറിയാമും സകല വിശുദ്ധന്മാരും എം.സി.എ.യുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വിശുദ്ധ യൗസേഫ് പിതാവും എന്നെ സഹായിക്കട്ടെ.

(എം.സി.എ.യുടെ പ്രതിജ്ഞ എം.സി.എ.യുടെ ഔദ്യോഗിക യോഗങ്ങളിലും ഭാരവാഹികൾ ചുമതല ഏൽക്കുന്ന സമയത്തും ചൊല്ലേണ്ടതാണ്.)